പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 211 — 02-03-2009 ൽ മറുപടിക്ക്

## റെയിൽവെ ബഡ്ജറ്റിൽ കേരളത്തിന് അനുവദിച്ച പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.കെ.കെ.ദിവാകരൻ :<br>ശ്രീ.മുരളി പെരുനെല്ലി :<br>ശ്രീ.എം.ഹംസ : | ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ). അടുത്ത വർഷത്തേക്കുള്ള റെയിൽവെയുടെ ഇടക്കാല ബഡ്ജറ്റിൽ കേരളത്തിന് പുതുതായി എന്തെങ്കിലും പദ്ധതികളോ ട്രെയിനുകളോ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ). ഇടക്കാല ബഡ്ജറ്റിൽ കേരളത്തിന് പുതിയ പദ്ധതികളോ, ട്രെയിനുകളോ അനുവദിച്ചിട്ടില്ല എന്നാൽ തിരുവനന്തപുരം വഴി ബിലാസ്പൂർ-തിരുനെൽവേലി പ്രതിവാര എക്സ്പ്രസ്സ്, മുംബൈ-തിരുനെൽവേലി ദ്വൈവാര എക്സ്പ്രസ്സ് എന്നീ പുതിയ ട്രെയിനുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ചെന്നൈ-ബാംഗ്ലൂർ-എറണാകുളം ബുള്ളറ്റ് ട്രെയിൻ ഓടിക്കുന്നതിന്റെ ഫീസിബിലിറ്റി പരിശോധിക്കുമെന്നും എറണാകുളം - തിരിച്ചിറപ്പള്ളി എക്സ്പ്രസ് നാഗൂർ വരെ നീട്ടുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി). റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് കേരളം എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരുന്നത് ; | (ബി). റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് കേരളം സമർപ്പിച്ച നിർദ്ദേശം അനുബന്ധമായി ചേർക്കുന്നു. |
| (സി). ഈയിടെ വർദ്ധിപ്പിച്ച ചരക്കുകൂലി കുറയ്ക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ ; | (സി). ചരക്കുകൂലി വർദ്ധനവ് പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി). നിലവിലുള്ള ട്രെയിനുകളിലെ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ ; | (ഡി). ഇല്ല. |
| (ഇ). റെയിൽവെ ബഡ്ജറ്റിൽ കേരളത്തോടുള്ള അവഗണന പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | (ഇ). കേരളത്തിന്റെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് സർക്കാർ നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.212 | 02.03.2009-ൽ മറുപടിക്ക്

## കേന്ദ്രസഹായം

| ചോദ്യം<br>ശ്രീ. അബ്ദുൾ റഹിമാൻ രണ്ടത്താണി | മറുപടി<br>ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യവകുപ്പിൽ മൊത്തം എത്ര രൂപ വിവിധ പദ്ധതികൾക്കുള്ള കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്; | എ) ആരോഗ്യവകുപ്പിൽ വിവിധ പദ്ധതികൾക്കായി 923.29 കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം പദ്ധതികൾക്കെന്ന് വ്യക്തമാക്കുമോ; | ബി) പ്രധാനമായും ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ വഴി ആർ.സി.എച്ച്., അഡീഷണാലിറ്റീസ്, ഇമ്മ്യൂണൈസേഷൻ, സുനാമി പുനരധിവാസം, എന്നീ മേഖലകളിലും കൂടാതെ അനുബന്ധമായി ചേർത്തിരിക്കുന്ന പദ്ധതി കൾക്കുമാണ് ധനസഹായം ലഭിച്ചിരിക്കുന്നത്. |
| സി) എത്ര തുക ഇതിനകം ഇതിലേക്ക് ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | സി) ഇതിനോടകം 870.81 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. അഡീഷണാലിറ്റിയിൽ 217.01 കോടി രൂപയും, ആർ.സി.എച്ച്-2 പദ്ധതിപ്രകാരം 138.86 കോടി രൂപയും ജെ.എസ്.വൈ. ഉൾപ്പെടെയുള്ള മെറ്റേണൽ പദ്ധതിപ്രകാരം 45.47 കോടി രൂപയും, ശൈശവാരോഗ്യ പദ്ധതി പ്രകാരം 2.92 കോടി രൂപയും ചെലവഴിച്ചു.<br>എൻ.ആർ.എച്ച്.എം. അഡീഷണാലിറ്റി പ്രകാരം ചിലവഴിച്ച തുകയിൽ 35.93 കോടിരൂപ സി.എച്ച്.സി അപ്ഗ്രഡേഷനും 5.47 കോടി രൂപ പി.എച്ച്.സി. കൾക്കും സി.എച്ച്.സി.കൾക്കും ഗ്രാന്റായും അനുവദിച്ചു. |

സെക്ഷൻ ഓഫീസർ

| അനുബന്ധം [illegible] | | |
|---|---|---|
| പദ്ധതികൾ | (ലക്ഷത്തിൽ) ലഭിച്ച തുക | ചെലവഴിച്ച തുക |
| **ആരോഗ്യവകുപ്പ്** | | |
| 1. ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ | | |
| 1. ആർ.സി.എച്ച് അഡീഷണാലിറ്റീസ്, ഇമ്മ്യൂണൈസേഷൻ എന്നിവയ്ക്കുവേണ്ടി കേന്ദ്രസഹായം | 42770 | 35850 |
| 2. സുനാമി പുനരധിവാസ പദ്ധതി (അധിക കേന്ദ്രസഹായം) | 3444 | 3444 |
| 2. കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി | 5903 | 5007 |
| 3. അന്ധതാ നിവാരണ സൊസൈറ്റി | 569 | 609 |
| 4. ആർ.എൻ.ടി.സി.പി. പ്രോഗ്രാം | 1470 | 1437 |
| 5. കുഷ്ഠരോഗ നിയന്ത്രണ പരിപാടി | 103 | 113 |
| 6. ഐ.ഡി.എസ്.പി | 325 | 261 |
| 7. 100% കേന്ദ്ര ആവിഷ്കൃത പദ്ധതികൾ (രോഗനിയന്ത്രണവും നേഴ്സിംഗും) | 648 | 494 |
| 8. 50% കേന്ദ്ര ആവിഷ്കൃത പദ്ധതി | 1060 | 292 |
| 9. 100% കുടുംബക്ഷേമ പദ്ധതി | 19136 | 28789 |
| 10. എൻ.വി.ബി.ഡി.സി.പി. | 394 | 334 |
| 11. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും അനുബന്ധ സ്ഥാപനങ്ങളും (അനുബന്ധം - 2) | 3897 | 1932 |
| 12. പി.എം.എസ്.എസ്.വൈ (മെഡിക്കൽ കോളേജ് തിരുവനന്തപുരം) | 10000 | 7500 |
| 13. ആയുർവേദ കോളേജുകളും അനുബന്ധ സ്ഥാപനങ്ങളും (അനുബന്ധം - 3) | 1503 | 183 |
| 14. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ | 525 | 525 |
| 15. ഡ്രഗ്സ് കൺട്രോളർ | 110 | 103 |
| 16. ഹോമിയോ വകുപ്പ് | 263 | 146 |
| 17. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 209 | 62 |
| **ആകെ** | **92329** | **87081** |

(signature)

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.213 | 02.03.2009 -ൽ മറുപടിയ്ക്ക് |
|---|---|

**ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശികുമാർ:<br>ശ്രീ. കെ.ടി. ജലീൽ:<br>ശ്രീ. എം.ജെ. ജേക്കബ്: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നല്കുമോ; | (എ) | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിശീലനവും കൗൺസിലിംഗും നല്കുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി ) | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് കൗൺസിലിംഗും പരിശീലനവും നൽകുന്നതിന് ശ്രീകാര്യത്തുള്ള എസ്സ്.ഐ.എം.സി യിൽ സ്ഥിര സംവിധാനമുണ്ട്. സൗജന്യ കൗൺസിലിംഗ് സേവനത്തിനു പുറമേ കൗൺസിലിംഗിൽ പങ്കെടുക്കുന്ന സാധുക്കളായ രക്ഷിതാക്കൾക്ക് യാത്രാബത്തയും ഈ സ്ഥാപനത്തിൽ നിന്നു നൽകി വരുന്നു. സംസ്ഥാനമൊട്ടാകെയുള്ള മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് അതാത് ജില്ലകളിൽ തന്നെ പരിശീലനം നൽകുന്നതിന് പേരന്റ്സ് ട്രെയിനിംഗ് ആന്റ് കൗൺസിലിംഗ് പ്രോഗ്രാം എന്ന പദ്ധതി അതാതു പ്രദേശത്തെ സ്പെഷ്യൽ സ്കൂളുകളുടെ സഹായത്തോടെ നടത്തി വരുന്നു. ഇതിലേയ്ക്കായി ട്രെയിനിംഗ് സംഘടിപ്പിയ്ക്കുന്ന സ്ഥാപനത്തിന് അതിന്റെ ചെലവിലേക്കായി പതിനായിരം രൂപ വരെ ഈ സ്ഥാപനത്തിൽ നിന്നും സഹായധനമായി നൽകുന്നുണ്ട്. കൂടാതെ ഐക്കോൺസിന്റെ തിരുവനന്തപുരം സെന്ററിൽ എല്ലാ ശനിയാഴ്ച തോറും ഷൊർണ്ണൂർ സെന്ററിൽ എല്ലാ ബുധനാഴ്ച തോറും ഈ സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുന്നു. മറ്റ് താൽപ്പര്യമുള്ള ഏത് കുട്ടികളുടെ മാതാപിതാക്കൾക്കും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം കുട്ടികൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് സർക്കാർ സഹായം നല്കുന്നുണ്ടോ; | (സി) | എസ്സ്.ഐ.എം.സിയിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഇത്തരം കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഫണ്ട് സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാന്റ്-ഇൻ-എയ്ഡായി നല്കുന്നുണ്ട്. |
| (ഡി) | ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്കായി പ്രത്യേക കോഴ്സുകൾ നിലവിലുണ്ടോ; | (ഡി) | ഉണ്ട്. മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്കുള്ള യോഗ്യത കോഴ്സായ ഡിപ്ലോമാ ഇൻ എഡ്യൂക്കേഷൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (മെന്റലി റിട്ടാർഡഡ്) എന്ന ദ്വിവത്സര കോഴ്സ് അനേക വർഷങ്ങളായി എസ്സ്.ഐ.എം.സിയിൽ നടത്തി വരുന്നുണ്ട്. ആർ.സി.ഐ.- യുടെ അംഗീകാരത്തോടെ മണിപ്പാൽ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്താണ് കോഴ്സ് നടത്തുന്നത്. കൂടാതെ "ഐക്കോൺസിലും അദ്ധ്യാപകർക്കായി പ്രത്യേകം ട്രെയിനിംഗ് പ്രോഗ്രാം നടത്തി വരുന്നു. |
| (ഇ) | ബുദ്ധിമാന്ദ്യമുള്ള കുട്ടികളെയും മുതിർന്നവരെയും പുനരധിവസിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനുമായി ഒരു പുനരധിവാസ ഗ്രാമം നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ? | (ഇ) | 16 വയസ്സിനുമുകളിലുള്ള ബുദ്ധിമാന്ദ്യം സംഭവിച്ചവരെ പുനരധിവസിപ്പിക്കുന്നിനായി മലപ്പുറം തവനൂരിൽ പ്രതീക്ഷാഭവൻ എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിന്റെ നവീകരണത്തിനും അന്തേവാസികളുടെ പുനരധിവാസത്തിനുമായി Institute of Palliative Medicine നുമായി ചേർന്ന് ഒരു കോടി രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുട്ടികളേയും മുതിർന്നവരേയും പുനരധിവസിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി ഒരു പുരധിവാസ ഗ്രാമം നിർമ്മിക്കുവാനുള്ള ഒരു പദ്ധതി എസ്സ്.ഐ. എം.സി. വിഭാവനം ചെയ്തിരുന്നു. കുറഞ്ഞത് അഞ്ച് ഏക്കറോളം സ്ഥലമെങ്കിലും പുനരധിവാസ കേന്ദ്രത്തിനായി വേണ്ടി വരുമെന്നാണ് കണക്കാക്കിയിരുന്നത്. ഈ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |

R. Vijayalakshmi
സെക്ഷൻ ഓഫീസർ

# അനുബന്ധം

സാമൂഹ്യക്ഷേമ വകുപ്പു വഴി ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. ഒരു കുട്ടിക്ക് പ്രതിവർഷം 900/- രൂപ നിരക്കിലാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. വകുപ്പിന്റെ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ ഇതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2007-08 വർഷത്തിൽ ടി തുക മുഴുവൻ ചിലവഴിച്ചിട്ടുണ്ട്. 2008-09 - ൽ ഈ ആവശ്യത്തിനു വേണ്ടി 7 ലക്ഷം രൂപ വകയിരുത്തിയത് 778 കുട്ടികൾക്ക് ഗ്രാന്റ് നൽകുവാൻ കഴിയുന്നതാണ്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകി വരുന്നുണ്ട്. ആയത് ഡി.പി.ഐ വഴിയാണ് നടത്തിവരുന്നത്. 50 സ്കൂളുകൾക്കാണ് ഇത് നൽകുന്നത്. ബാക്കിയുള്ള എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കും ധനസഹായം നൽകാൻ 2008-2009 ബഡ്ജറ്റിൽ 10 കോടി രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ കോഴിക്കോട് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനുമായി ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. 4 വയസ്സിനും 16 വയസ്സിനും ഇടയിൽ പ്രായമുള്ള 50 കുട്ടികളെ ടി സ്ഥാപനത്തിൽ സംരക്ഷിച്ചു വരുന്നു. ഈ സ്ഥാപനത്തിന്റെ വിപുലീകരണത്തിനും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനും വേണ്ടി ഒരു കോടിയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന 53 കുട്ടികളെ അവിടെ തന്നെ താമസിപ്പിച്ച് സംരക്ഷിക്കുന്നുണ്ട്. ഇവിടുത്തെ അന്തേവാസികളായ കുട്ടികൾക്കുപുറമേ വീട്ടിൽ നിന്നും പോയി വരുന്ന കുട്ടികൾക്കും ക്ലിനിക്കൽ സേവനവും ഫിസിയോതെറാപ്പി സേവനവും നൽകി വരുന്നുണ്ട്. ഇതിനു പുറമേ അസ്സസ്സ്മെന്റ് സെന്റർ, ഏർളി ഇന്റർവെൻഷൻ സെന്റർ, ഡോക്യുമെന്റേഷൻ ആന്റ് ഇൻഫർമേഷൻ സെന്റർ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, പ്ലേസ്മെന്റ് സർവ്വീസ് എന്നീ സേവനങ്ങൾ ഈ സ്ഥാപനത്തിൽ നിന്നും മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി നൽകി വരുന്നു. കൂടാതെ കാസർഗോഡ്, പാലക്കാട്, കൊല്ലം എന്നീ ജില്ലകളിൽ NPRPD സ്കീം പ്രകാരം ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഏർളി ഐഡന്റിഫിക്കേഷൻ ആന്റ് റീഹാബിലിറ്റേഷനുവേണ്ടി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ നോഡൽ ഏജൻസിയായി ഐക്കോൺസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഏത് ഭാഗത്ത് നിന്നുള്ള കുട്ടികളെയും ഈ കേന്ദ്രത്തിലേക്ക് വിടാവുന്നതാണ്. ഈ കുട്ടികൾക്ക്വേണ്ടി ഐക്കോൺസിൽ ബുദ്ധിമാന്ദ്യത്തിന്റെ കാരണം മനസ്സിലാക്കുന്നതിനും ചികിത്സിപ്പിക്കുന്നതിനും ട്രെയിനിംഗ് കൊടുക്കുന്നതിനുമുള്ള പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. NRHM പദ്ധതിയിലൂടെ ഈ അസുഖങ്ങളുടെ ജനിതക ഘടകങ്ങൾ മനസ്സിലാക്കുന്നതിനുള്ള സംവിധാനം ഐക്കോൺസിന്റെ ഷൊർണ്ണൂർ സെന്ററിൽ ഈ വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും 132 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സൗജന്യ ഉച്ചഭക്ഷണ പദ്ധതി പ്രകാരമുള്ള ആനുകൂല്യം അതേ തോതിൽ നൽകി വരുന്നു.

കൂടാതെ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശസ്വയം ഭരണ വകുപ്പ് താഴെ പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

എ) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ഉപകരണങ്ങൾ മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിലെ ആളുകളുടെ ആവശ്യമനുസരിച്ച് നൽകിവരുന്നു.

ബി) ഓരോ വ്യക്തിയുടെയും ആരോഗ്യ സ്ഥിതി അനുസരിച്ച് നിർമ്മിച്ചിട്ടുള്ള ട്രൈ സൈക്കിളുകളും വീൽചെയറുകളും കുട്ടികൾക്ക് ഉപയോഗിക്കാവുന്ന ഡിസൈനർ ഫർണീച്ചർ എന്നിവയും നൽകിവരുന്നു.

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായി താഴെ പറയുന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകിവരുന്നു.

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ് / ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 750 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 750 |
| 3 | പഠനസഹായികൾക്ക് / വിദ്യാഭ്യാസ സാമഗ്രികൾക്ക് വാർഷിക ബത്ത | 1250 |
| 4 | ഡേ സ്കോളർക്ക് യാത്രാ ബത്ത, ഉല്ലാസ യാത്രാ ചെലവുകൾ, പഠന പര്യടനം മുതലായവ | (1) യഥാർത്ഥ ചെലവ്<br>(2) രക്ഷകർത്താക്കളിൽ ഒരാൾക്ക് / ഒരു സഹായിക്കുള്ള ചെലവ് |
| 5 | 21 വയസ്സോ അതിൽ കൂടുതലോ ഉള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത. | പ്രതിമാസം 600 രൂപ ഡേ കെയർ സെന്ററുകളിൽ ഈ വിഭാഗം ആളുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണെന്ന് തദ്ദേശ ഭരണ സ്ഥാപനം ഉറപ്പ് വരുത്തുന്നതാണ്. |

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് / വ്യക്തികൾക്ക് അനുവദനീയമായ സഹായങ്ങൾ, വളർച്ചാസംബന്ധമായ വെല്ലുവിളികൾ , മസ്തിഷ്ക തളർവാതം (സെറിബ്രൽ പാൾസി) , ഓട്ടിസം മുതലായവ നേരിടുന്ന കുട്ടികൾക്കും / ആളുകൾക്കും കൂടി നൽകിവരുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. യോഗ്യരായ അദ്ധ്യാപകർക്ക് പ്രതിമാസം 3000 രൂപ, ഹെൽപ്പർമാർക്ക് പ്രതിമാസം 1500 രൂപ , ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകൾക്ക് അവർ സ്ഥാപനം സന്ദർശിക്കുന്ന ഓരോ അവസരത്തിലും 250 രൂപ എന്നീ നിരക്കുകളിൽ ഓണറേറിയം നൽകുന്നതിനും ഈ ആവശ്യത്തിന് വികസന ഫണ്ട് / പൊതു ആവശ്യ ഫണ്ട് / തനത് ഫണ്ട് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

ശാരീരിക / മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവർ എ.പി.എൽ. / ബി.പി.എൽ. ഗ്രൂപ്പുകൾ എന്ന വേർതിരിവ് ഇല്ലാതെ തന്നെ സഹായം നൽകുന്നതാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214 | 02.03.2009-ൽ മറുപടിക്ക് |

## പ്രകൃതി ചികിത്സ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.എൻ. ജയരാജ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ് | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചെലവ് കുറഞ്ഞ ചികിത്സാമാർഗ്ഗമായി പ്രകൃതി ചികിത്സ വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | കൂടുതൽ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ അനുവദിക്കുന്ന മുറയ്ക്കു പ്രകൃതി ചികിത്സ കൂടുതൽ വ്യാപകമാക്കാൻ കഴിയുന്നതാണ്. |
| (ബി) | ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (സി) | വർക്കല ഗവ.പ്രകൃതി ചികിത്സാ ആശുപത്രിയിൽ സൗജന്യമായി യോഗ, പ്രകൃതി ചികിത്സാ ക്യാംപുകൾ നടത്തുകയും ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ലഘു ലേഖകൾ വിതരണം നടത്തുകയും 'വീട്ടുവിശേഷം' പോലുള്ള ദൂരദർശൻ പരിപാടികളിലൂടെയും റേഡിയോ പ്രഭാഷണങ്ങളിലൂടെയും പ്രകൃതി ചികിത്സ വ്യാപകമാക്കുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 215 — 2.03.2009 -ൽ മറുപടിക്ക്

## നദീ സംരക്ഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ. മങ്കോട് രാധാകൃഷ്ണൻ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) നദികളുടെ സംരക്ഷണത്തിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ ആ പദ്ധതികളുടെ വിശദ വിവരം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. അനുബന്ധം- I ആയി ചേർത്തിരിക്കുന്നു |
| ബി) നദികളുടെ ഏതെല്ലാം തരത്തിലുള്ള സംരക്ഷണ ജോലികളാണ് ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) അനുബന്ധം- I ലെ പദ്ധതികളിൻ കീഴിൽ വെള്ളപ്പൊക്കത്തിൽ ഇടിഞ്ഞതും ഇടിയാൻ സാധ്യതയുള്ളതുമായ നദീതീരം കെട്ടി സംരക്ഷിക്കുക, വെള്ളപ്പൊക്കം നിയന്ത്രിക്കാനും നദീതീരം സംരക്ഷിക്കാനുമുള്ള സംരക്ഷണ പണികൾ നടപ്പിലാക്കുക, ഉപ്പുവെള്ളം അനിയന്ത്രിതമായ രീതിയിൽ നദീജലത്തിൽ കയറുന്നത് തടയുവാനായി ചിറകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുക , വെള്ളപ്പൊക്ക സമയത്ത് അധിക ജലം തടസ്സം കൂടാതെ കടലിലേയ്ക്ക് ഒഴുക്കി വിടുന്നതിനുള്ള യുക്തമായ സംവിധാനങ്ങൾ നടപ്പിലാക്കുക, വെള്ളപ്പൊക്ക സാധ്യതയുള്ള മേഖലകളിൽ ഫ്ലഡ് ബാങ്കുകളുടെ നിർമ്മാണവും പരിപാലനവും എന്നിവയാണ് ഈ പദ്ധതികളുടെ കീഴിൽ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |
| സി) ഈ പദ്ധതികളിൽ എത്ര ജോലികൾ ആരംഭിച്ചു എന്നും എത്ര തുക ഇതിനായി നീക്കിവെച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ? | സി) അനുബന്ധം- I ലെ പദ്ധതികളിൽ<br>1. Flood control - ലും Flood damage ലും ഉൾപ്പെടുത്തി 4 കോടി രൂപ വീതം 2008-09 ബഡ്ജറ്റിൽ നീക്കിയിരുപ്പ് നടത്തിയിട്ടുണ്ട്. ഇതിൽ Flood Control ശീർഷകത്തിനു കീഴിൽ ഈ വർഷം 131 പണികൾക്കും Flood damage ശീർഷകത്തിനു കീഴിൽ 99 പണികൾക്കും അനുമതി നൽകുകയും പ്രസ്തുത പണികൾ വിവിധ ഘട്ടങ്ങളിലുമാണ്. |

അനുമതി നൽകുകയും പ്രസ്തുത പണികൾ വിവിധ ഘട്ടങ്ങളിലുമാണ്.

2. സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിൽ ഒറ്റത്തവണ നിക്ഷേപമായി നദീതീര സംരക്ഷണത്തിനായി 34.60 കോടി രൂപയുടെയും കൺസോളിഡേഷൻ ഓഫ് റിവർ സ്കീം ബാങ്ക്സിനായി 13 കോടി രൂപയുടെയും പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പണികളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.
3. NABARD -ന്റെ RID F -നു കീഴിൽ നിലവിൽ രണ്ടു പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത് . ഈ പണികൾ നിർമ്മാണ പ്രവർത്തികളുടെ വിവിധ ഘട്ടങ്ങളിലാണ്.

4.പമ്പാ നദിയുടെ സംരക്ഷണത്തിന്റെ ഭാഗമായി **NRCP(National River Conservation Programme)** ജലസേചന വകുപ്പിന് കീഴിൽ 1.39 കോടി രൂപയുടെ പ്രവർത്തികൾ അനുവദിക്കുകയും ഇവയുടെ പണികൾ ഏകദേശം പൂർത്തീകരിച്ചിരിക്കയുമാണ്.

5. റിവർ മാനേജ്മെന്റ് ഫണ്ടിനു കീഴിൽ ഏകദേശം 61 കോടി രൂപ നദീതീര സംരക്ഷണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം I

നദികളുടെ സംരക്ഷണത്തിനായി വിവിധതരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. ജലസേചന വകുപ്പിന് കീഴിലെ പദ്ധതികൾ

a).സംസ്ഥാന ഫണ്ടിൽ നിന്ന് (non-plan) ഒരോ വർഷവും വെള്ള പ്പൊക്കനിയന്ത്രണത്തിനായി (flood control).

b) സംസ്ഥാന ഫണ്ടിൽ നിന്ന് (non-plan) ഒരോ വർഷവും വെള്ള പ്പൊക്കക്കെടുതി പരിഹരിക്കുന്നതിനായി (flood damage).

c) സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിൽ ഒറ്റ പ്രാവശ്യമായി നടപ്പിലാക്കുന്നത്.

d) നബാർഡിന്റെ കീഴിലുള്ള RIDF പദ്ധതിയിൻ കീഴിൽ നദീതീര സംരക്ഷണത്തിനും

e) പമ്പാ നദിയുടെ സംരക്ഷണത്തിന്റെ ഭാഗമായി NRCP(National River Conservation Programme) ൽ Pamba Action Plan

റവന്യൂ വകുപ്പിന്റെ കീഴിലെ പദ്ധതികൾ

2. റിവർ മാനേജ്മെന്റ് ഫണ്ട്

2001- ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമ പ്രകാരം തയ്യാറാക്കിയിട്ടുള്ള 2002-ലെ ചട്ടങ്ങളും അനുസരിച്ച് നദീ തീരങ്ങളുടെയും നദിയുടെ ജൈവ- ഭൗതിക -പരിസ്ഥിതി വ്യവസ്ഥകളുടെയും സംരക്ഷണം ഉറപ്പു വരുത്തുവാനായി കടവോ, നദീ തീരമോ പരിപാലിക്കുന്നതിലേയ്ക്കും നദീ തീര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കും ആവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി റിവർ മാനേജ്മെന്റ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് എല്ലാ ജില്ലാ കളക്ടർ മാരുടെയും മേൽ നോട്ടത്തിൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല വിദഗ്ദ്ധ സമിതികളുടെ അംഗീകാരത്തോടെ ബന്ധപ്പെട്ട കളക്ടറുടെ ശുപാർശയോടെ, ടി ആവശ്യങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന പ്രൊപ്പോസലുകൾ സംസ്ഥാന തല ഹൈലെവൽ കമ്മിറ്റി പരിഗണിച്ച് സർക്കാരിന് ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ,സർക്കാർ ഭരണാനുമതി നൽകുന്ന ശുപാർശകൾക്ക് ആവശ്യമായ തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അധികാരം അതാത് ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാണ്.

Mary Joseph K

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 216 02.03.09ൽ മറുപടിക്ക്

## വിഴിഞ്ഞത്ത് നിർമ്മിക്കുന്ന കാർഗോ വാർഫ്

ചോദ്യം
ശ്രീ.വി.സുരേന്ദ്രൻ പിള്ള

മറുപടി
ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| ചോദ്യം | | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞത്ത് പുതുതായി നിർമ്മിക്കുന്ന ' കാർഗോ വാർഫ് ' ൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി; | എ | എ.ഡി.ബി. ധനസഹായത്തോടെ സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി വിഴിഞ്ഞത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പുതുതായി നിർമ്മിക്കുന്ന കാർഗോ വാർഫിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ 80 ശതമാനത്തോളം പൂർത്തിയായി. |
| ബി | നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര മാസത്തെ കാലാവധിയാണ് പറഞ്ഞിരുന്നത്; | ബി | വിഴിഞ്ഞത്തുള്ള കാർഗോ വാർഫിൻെറ നിർമ്മാണത്തിനായി പന്ത്രണ്ട് മാസത്തെ കാലാവധിയാണ് പറഞ്ഞിരിക്കുന്നത്. |
| സി | എത്രകോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്; | സി | 8.88 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. |
| ഡി | ഏത് കാലയളവിനുള്ളിൽ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ? | ഡി | 31/03/2009 നുള്ളിൽ പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

വിശദീകരണക്കുറിപ്പ്

03/02/07ലെ ജി.ഒ.(എം.എസ്)നം.73/2007/ഡി.എം.ഡി അനുസരിച്ച് വിഴിഞ്ഞം പോർട്ടിലെ വാർഫ്, ട്രാൻസിറ്റ് ഷെഡ് എന്നിവയുടെ പുനർനിർമ്മാണത്തിനായി 510 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഭരണാനുമതിയിൽ ഉൾപ്പെടുത്തി 66m നീളത്തിൽ വാർഫിൻെറ നിർമ്മാണം നടന്നു വരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച ഭരണാനുമതിയിൽ ഉൾപ്പെട്ട നീണ്ടകര പോർട്ടിലെ പ്രവൃത്തികൾ കോൺട്രാക്ടർ നടപ്പിലാക്കാത്തതിനാൽ ആ പ്രവൃത്തി റദ്ദു ചെയ്യുകയും ആ പ്രവൃത്തിയുടെ ഫണ്ട് കൂടി ഉപയോഗിച്ച് വിഴിഞ്ഞം വാർഫിൻെറ നീളം 87m ആയി പൂർത്തീകരിക്കുവാൻ സർക്കാർ അനുമതിയോടുകൂടി തീരുമാനമായി. ആയതു പ്രകാരം ടി പദ്ധതിയ്ക്കായി 8.88 കോടി ചെലവാകുന്നതാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 217 — 02.03.2009 - ൽ മറുപടിക്ക്

### ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി;<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ;<br>ശ്രീ. അൽഫോൺസ് കണ്ണന്താനം;<br>ശ്രീ. എം. ജെ. ജേക്കബ്;<br>ശ്രീ. എ. സി. മൊയ്തീൻ; | **ശ്രീ. എളമരം കരീം**<br>**(വ്യവസായ വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | 2006 ഒക്ടോബർ 2 മുതൽ പ്രാബല്യത്തിൽ **വന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക വികസന ആക്ട് (MSME Development Act - 2006) പ്രകാരം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ രജിസ്ട്രേഷൻ ഇല്ലാതാക്കി സംരംഭകർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു പരിശോധനകൾ ഒന്നും ഇല്ലാതെ ഉടൻ തന്നെ MSME Memorandum ത്തിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അക്നോളജ്മെന്റ് നൽകി വരുന്നു. ഈ ആക്ട് പ്രകാരം നിലവിൽ ഉണ്ടായിരുന്ന എസ് എസ്. ഐ രജിസ്ട്രേഷനു പകരമായി എല്ലാ ആവശ്യങ്ങൾക്കും അതായത് വൈദ്യുതി കണക്ഷൻ, ബാങ്കു വായ്പ തുടങ്ങിയവയ്ക്ക്** |

| | | | |
|---|---|---|---|
| | | | വിവിധ സർക്കാർ ഏജൻസികളിൽ നിന്നുമുള്ള അനുവാദ പത്രങ്ങൾക്ക് MSME Memorandum അക്നോളജ്മെന്റ് ഉപയോഗിക്കാവുന്നതാണ്. മെമ്മോറാണ്ടം ഫയൽ ചെയ്യുന്നതിന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി മാർജിൻ മണി, സബ്സിഡി തുടങ്ങിയ പല പദ്ധതികളും വ്യവസായ വകുപ്പു വഴി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ചെറുകിട വ്യവസായ സംരംഭകർക്ക് കൂടുതൽ പ്രോത്സാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾക്ക് പുറംനാടുകളിൽ വിൽപ്പന വർദ്ധിപ്പിക്കാൻ ഉൽപ്പന്നങ്ങളെ പൊതു ബ്രാൻഡിനു കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | കേരളത്തിലെ തനത് ഉൽപ്പന്നങ്ങളെ ഒരു പൊതു ബ്രാന്റിൽ കൊണ്ടു വന്ന് വിപണനം നടത്തുവാനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 218 | 02.03.2009-ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളിലെ ശുചീകരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. സാജുപോൾ<br>ശ്രീ. എം.കെ.പുരുഷോത്തമൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിലെ ശുചീകരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; | (എ)കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, കൂടാതെ താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ ഹൗസ് കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മുഴുവൻ മെഡിക്കൽ കോളേജുകളിലും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലും ഒരു ടെക്നിക്കൽ ഹെൽത്ത് ആഫീസറുടെ നേതൃത്വത്തിൽ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി പ്രവർത്തിക്കുന്നു. വേണ്ടത്ര ക്ലീനിംഗ് തൊഴിലാളികളെ ലഭ്യമാക്കിയിട്ടുണ്ട്. വാർഡുകളിലെ പൊടി തുടയ്ക്കൽ, ഫാൻക്ലീനിംഗ് ,ചുമരും തറയും വൃത്തിയാക്കൽ, ഗ്രില്ലുകൾ, കട്ടിൽ തുടങ്ങിയവ ക്രമമായ ദിവസങ്ങളിലും വൃത്തിയാക്കൽ, ഖരമാലിന്യങ്ങൾ ഭക്ഷ്യമാലിന്യങ്ങൾ മറ്റ് ആശുപത്രി മാലിന്യങ്ങൾ എന്നിവ ശേഖരിച്ച് തരം തിരിച്ച് നശിപ്പിക്കുകയും ചെയ്യുന്നു. ഓപ്പറേഷൻ തീയറ്ററുകൾ ഐ.സി.യു. തുടങ്ങിയ ഇടങ്ങളിൽ അണുനശീകരണം നടത്തുന്നു. കെട്ടിടങ്ങളുടെ സൺഷേയ്ഡ്, ഡ്രെയിനേജ്, ആശുപത്രി കോമ്പൗണ്ട് എന്നിവ സമയബന്ധിതമായി വൃത്തിയാക്കുന്നു. ചുമരിൽ അനാവശ്യമായി പതിക്കുന്ന പോസ്റ്റർ മാറ്റി കൃത്യമായി പെയിന്റിംഗ് നടത്തി വൃത്തിയാക്കി സൂക്ഷിക്കുന്നു. |

കൂടാതെ കൊതുകിൻെറ ഉറവിട നശീകരണ പ്രവർത്തനം വളരെ നല്ല രീതിയിൽ നടത്തിവരുന്നു. ഇവയ്ക്ക് മേൽനോട്ടം വഹിക്കാൻ സൂപ്പർ വൈസിംഗ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഫോഗിംഗ്, സ്പ്രേയിംഗ് എന്നിവ കൃത്യമായി നടത്തിവരുന്നു.നടത്തുന്ന പ്രവർത്തനങ്ങൾ കൃത്യമായി റിപ്പോർട്ടുകളാക്കി സൂക്ഷിക്കുകയും ബന്ധപ്പെട്ട വകുപ്പുതല ആഫീസർമാർക്ക് അതാത് സമയങ്ങളിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| (ബി)പ്രധാന ആശുപത്രികളിൽ ഹൗസ് കീപ്പിംഗ് സംവിധാനം ഏർപ്പെടുത്തിയതിനെ തുടർന്ന് ശുചീകരണ കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി)ആശുപത്രികളിലെ ബഡ്ഷീറ്റുകളും മറ്റും യഥാസമയം അലക്കുന്നതിനും മാറ്റി നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) നടപടി സ്വീകരിച്ചുവരുന്നു |
| (ഡി)ശുചീകരണ വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ ഉടനടി നികത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) എല്ലാ ആശുപത്രികളിലും സന്ദർശന സമയത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുമോ? | (ഇ)ആശുപത്രികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി സന്ദർശന സമയത്തിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.219 02.3.2009 -ൽ മറുപടിയ്ക്ക്

## ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. രാഘവൻ :<br>'' വി.ശിവൻകുട്ടി :<br>'' കെ. സി രാജഗോപാലൻ :<br>'' ആനത്തലവട്ടം ആനന്ദൻ : | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | 16-8-2006-ൽ സംസ്ഥാന മന്ത്രിസഭായോഗം തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി സർക്കാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടു വന്നു. കേന്ദ്ര സർക്കാരും ഹൈക്കോടതിയും ഇക്കാര്യത്തിൽ ഒരു നടപടിയും കൈക്കൊള്ളാതിരുന്ന സാഹചര്യത്തിൽ കേരള മുഖ്യമന്ത്രി 2007- ജനുവരിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേന്ദ്ര നിയമ മന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. തുടർന്ന് |

14-12-2007-ൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റീസ് കാരണമൊന്നും നൽകാതെ അഭ്യർത്ഥനയെ നിരാകരിച്ചു. 27-12-2007-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസിനോട് തീരുമാനം പുനഃപരിശോധിക്കുവാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. തദനുസരണം 29-1-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ അർദ്ധ ഔദ്യോഗിക കത്തും, 4-2-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ കത്തും അനുസരിച്ച് കേരള ചീഫ് ജസ്റ്റീസിനോടും കേന്ദ്ര സർക്കാരിനോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റീസ് തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നതിന് സമ്മതം നൽകിയിട്ടില്ല. 25-3-2008-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിയമമന്ത്രിയും ഇതിലേക്കായി പൂർണ്ണമായ ഒരു നിർദ്ദേശം

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് സമർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും നയിച്ച സർവ്വകക്ഷി സംഘം 30-4-2008-ൽ ബഹുമാന്യയായ ഇന്ത്യൻ പ്രസിഡന്റിനെയും 15-4-2008-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കണ്ട് അതേ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുവാനും ബഹുമാന്യയായ ഇന്ത്യൻ പ്രസിഡന്റിന് ഈ വിഷയത്തിൽ ഉപദേശം നൽകുവാൻ കേന്ദ്രമന്ത്രിസഭയോട് അഭ്യർത്ഥിക്കുവാനും 18-6-2008-ൽ മന്ത്രിസഭായോഗം തീരുമാനിക്കുകയും കത്തെഴുതുകയും ചെയ്തു. 29-9-2008-ൽ ചേർന്ന മന്ത്രിസഭാ യോഗം നിർദ്ദിഷ്ട ഹൈക്കോടതി ബെഞ്ചിന്റെ ആസ്ഥാനമായി വഞ്ചിയൂരിലെ കോടതിയോട് ചേർന്നുള്ള പഴയ കളക്ട്രേറ്റ് മന്ദിരത്തെ മാറ്റി വയ്ക്കുന്നതിനായി തീരുമാനിച്ചു. 18-11-2008-ലെ സർക്കാർ ഉത്തരവ് (സാ) നം. 3630/08/റവന്യൂ പ്രകാരം ഹൈക്കോടതി ബെഞ്ചിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപ കെട്ടിടം പുതുക്കി

പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് അനുകൂല ഉത്തരവ് ഉണ്ടാകുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് 4-12-2008-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു അർദ്ധഔദ്യോഗിക കത്തും നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) സംസ്ഥാന സർക്കാർ ഇനി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടോ എന്ന് അറിയിക്കുമോ ; | സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടിക്രമങ്ങളൊക്കെയും പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്ന നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;<br>(ഡി) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെടുമോ ? | ഇനി കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടത്. |

ഉത്തരവിൻ പ്രകാരം,

KS

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 220 — 02.03.2009-ൽ മറുപടിക്ക്

**ജീവൻരക്ഷാ ഔഷധങ്ങളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ശിവദാസൻ നായർ | | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | ജീവൻരക്ഷാ ഔഷധങ്ങളുടെ ചില്ലറ വില്പനവില നിയന്ത്രിക്കുന്നതിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | മരുന്നുകളുടെ വില്പന വില നിയന്ത്രിക്കുന്നത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. |
| (ബി | മെഡിക്കൽ ഷോപ്പുകളെ ഒഴിവാക്കി ആശുപത്രികളിൽ നിന്ന് നേരിട്ട് രോഗികൾക്ക് നൽകുന്ന മരുന്നുകളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിൽ സംസ്ഥാന ഡ്രഗ്സ് കൺട്രോളർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പരമാവധി വിലയേക്കാൾ അധികംവിലയ്ക്ക് മരുന്നുകൾ വില്പന ചെയ്താൽ ഡ്രഗ്സ് (പ്രൈസസ് കൺട്രോൾ) ഓർഡർ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ് |
| (സി) | ഈ രംഗത്ത് ഒരു മരുന്ന് മാഫിയ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221 — 02.03.2009-ൽ മറുപടിക്ക്

**രോഗങ്ങളുടെയും രോഗികളുടെയും വിപുലമായ വിവരശേഖരം ഉണ്ടാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ജയരാജൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.എം.എം.മോനായി<br>ശ്രീ.അൽഫോൻസ് കണ്ണന്താനം<br>ശ്രീ.ജോർജ് എം.തോമസ് | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പകർച്ച വ്യാധികൾ അടക്കമുള്ള രോഗങ്ങളുടെയും രോഗികളുടെയും വിപുലമായ വിവരശേഖരം ഉണ്ടാക്കാനും ഈ വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കാനുമുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ആവശ്യപ്പെടുന്ന വിവരങ്ങൾ മാസം തോറും സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചുവരുന്നു. മുൻകാലങ്ങളിൽ ഈ വിവരങ്ങൾ വിവിധ തലങ്ങളിൽ നിന്നും വിവിധ ഫോർമാറ്റുകളിൽ ശേഖരിച്ച് ജില്ലാ മെഡിക്കൽ ഓഫീസ് വഴി ആരോഗ്യ കുടുംബക്ഷേമ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിരുന്നു. ഈ വിവരങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമാണ് സംസ്ഥാനത്ത് കമ്പ്യൂട്ടർവൽകൃത വിവരശേഖരണ പദ്ധതി നടപ്പിലാക്കിയത്. കൂടാതെ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും രോഗങ്ങളെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകളും ഇതുവഴി ശേഖരിക്കുന്നു. ഇതു കൂടാതെ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്റർ സംസ്ഥാന ആരോഗ്യ വകുപ്പിനുവേണ്ടി തയ്യാറാക്കിയ Geo Spatial Kerala Health Information System പകർച്ച വ്യാധി അസുഖങ്ങൾ ദിവസേന രേഖപ്പെടുത്താനുള്ള Software തയ്യാറാക്കിയിട്ടുണ്ട്. അത് ഉടനെതന്നെ നടപ്പിൽ വരുന്നതാണ്. |
| (ബി) | ഈ പദ്ധതിക്ക് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നത്; | (ബി) | ഈ പദ്ധതിക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻ.ആർ.എച്ച്.എം) ആണ് ധനസഹായം നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ കമ്പ്യൂട്ടർവൽക്കരണത്തിനും പരിശീലനത്തിനുമായി എന്തുതുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; | (സി) | ഈ പദ്ധതിയുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി 3,64,45,273/- രൂപ (മൂന്ന് കോടി അറുപത്തി നാല് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി ഇരുനൂറ്റി എഴുപത്തി മൂന്ന് രൂപ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പരിശീലനത്തിനും, പ്രോജക്ട് നടപ്പിലാക്കുന്നതിനും വേണ്ടി 3.26 കോടി രൂപാ (മൂന്ന കോടി ഇരുപത്തിയാറ് ലക്ഷം രൂപ)വകയിരുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് മുതലായ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ട്രെയിനിംഗ് സെന്റർ ലഭ്യമാക്കുന്നതിനുവേണ്ടി C-DIT ന് 76.67 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | കമ്പ്യൂട്ടർവൽക്കരണ നടപടികൾ എത്രത്തോളമായിട്ടുണ്ട് ? | (ഡി) | എല്ലാ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ. മിനി പ്രൈമറി ഹെൽത്ത് സെന്റർ എന്നി സ്ഥാപനങ്ങൾക്ക് 2008 മാർച്ചിൽ ഒരു കമ്പ്യൂട്ടർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ ലാബുകളും സർക്കാരിന്റെ അംഗീകാരത്തോടെയാണോ പ്രവർത്തിക്കുന്നത് ; | | (എ) & (ബി)<br><br>അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസോടെയാണ് ഇത്തരം സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നത്. മെഡിക്കൽ ലാബുകൾക്ക് അംഗീകാരം നൽകുന്നതിന് ആരോഗ്യ വകുപ്പിന്റേതായ മാനദണ്ഡങ്ങൾ ഒന്നും നിലവിൽ ഇല്ല. മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. |
| (ബി) | മെഡിക്കൽ ലാബുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | | |
| (സി) | മെഡിക്കൽ ലാബുകളിൽ നിന്നുള്ള പരിശോധനാ ഫലങ്ങളുടെ കൃത്യതയിൽ പ്രകടമായ വ്യത്യാസം മിക്ക സന്ദർഭങ്ങളിലും ഉണ്ടാകുന്നുവെന്ന കാര്യം സർക്കാർ നിരീക്ഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (സി) | പരിശോധനാ ഫലങ്ങളുടെ കൃത്യതയുടെ കാര്യത്തിൽ ചില അവസരങ്ങളിൽ വ്യത്യാസങ്ങൾ കാണാറുള്ളതായി റിപ്പോർട്ടുണ്ട്. |
| (ഡി) | ഇത്തരം ലാബുകളിൽ ഒരേ പരിശോധനയ്ക്ക് തന്നെ വ്യത്യസ്ത ഫീസുകളാണ് ഈടാക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തു നടപടിയാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) | ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, നേഴ്സിംഗ് ഹോമുകൾ എന്നിവയുടെ രജിസ്ട്രേഷൻ, അക്രഡിറ്റേഷൻ, നിയന്ത്രണം എന്നിവ സംബന്ധിച്ച് ഒരു നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | ഇത്തരം മെഡിക്കൽ ലാബുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തു സംവിധാനമാണുള്ളത് ; | (ഇ) | നിലവിൽ സംവിധാനങ്ങളൊന്നും ഇല്ല. |
| (എഫ്) | അനധികൃതമായി പ്രവർത്തിച്ച്, യാതൊരു മാനദണ്ഡവുമില്ലാതെ ഫീസ്ടാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്ന മെഡിക്കൽ ലാബുകൾക്കുമേൽ കർശന നിയന്ത്രണമേർപ്പെടുത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (എഫ്) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223 | 02.03.2009-ൽ മറുപടിക്ക് |

### റഫറൽ ആശുപത്രികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജു<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെ എത്ര റഫറൽ ആശുപത്രികളുണ്ട് ; | (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഒഴികെ റഫറൽ ആശുപത്രികൾ ഇല്ല. |
| (ബി) | ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പൂർണ്ണ തോതിൽ ചികിത്സ സൗകര്യങ്ങൾ എത്തിച്ചു കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ; | (ബി) | ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇത്തരം ആശുപത്രികളിൽ ഡോക്ടർമാരേയും നഴ്സുമാരേയും മറ്റനുബന്ധ ജീവനക്കാരേയും ആവശ്യാനുസരണം നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ വീതം കുറവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ ചില വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ നിലനിൽക്കുന്നുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു. |

......2.

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ<br>(206 പേരെ താൽകാലികമായി പി.എസ്.സി.ലിസ്റ്റിൽ നിന്ന് നിയമിച്ചു.) | - | 481 |
| സിവിൽ സർജൻ | - | 111 |
| സ്റ്റാഫ് നഴ്സ് | - | 248 |
| ഹെഡ് നഴ്സ് | - | 54 |
| നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-1 | - | 32 |
| നഴ്സിംഗ് ഓഫീസർ | - | 9 |
| ഫാർമസിസ്റ്റ് | - | 77 |
| സ്റ്റോർ സൂപ്രണ്ട് | - | 31 |
| ഡയറ്റീഷൻ | - | 1 |
| സി.എസ്.ആർ.ടെക്നീഷ്യൻ | - | 10 |
| ലാബ് ടെക്നീഷ്യൻ | - | 117 |
| റേഡിയോഗ്രാഫർ | - | 12 |
| എക്സ്റേ ടെക്നീഷ്യൻ | - | 11 |
| ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | - | 12 |
| പി.റ്റി.എസ് | - | 233 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II | - | 930 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I | - | 716 |
| ഒഫ്ത്താൽമിക് അസിസ്റ്റന്റ് | - | 31 |
| ഡെന്റൽ ഹൈജിനിസ്റ്റ് | - | 6 |
| ഡെന്റൽ മെക്കാനിക്ക് | - | 2 |
| ഡ്രൈവർ | - | 82 |

കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224 | 02.03.2009-ൽ മറുപടിക്ക്

## തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) & (ബി)<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കേന്ദ്ര സർക്കാരിന്റെ പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം 6 നിലകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, എം.എൽ.റ്റി.ബ്ലോക്ക്, നഴ്സിംഗ് പി.ജി.ബ്ലോക്ക് എന്നിവയുടെ പണികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പണികൾ 2009-ൽ പൂർത്തിയാകുന്നതാണ്. ഇതിലേക്ക് എം.ആർ.ഐ.സ്കാനർ, സി.റ്റി.സ്കാനർ, അൾട്രാസൗണ്ട് മെഷീൻ, കാത്ത് ലാബ്, ഹാർട്ട് ലംഗ് മെഷീൻ തുടങ്ങിയ ഏകദേശം 300 അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നു. ഇവയിലേക്ക് വേണ്ടിവരുന്ന ഫർണിച്ചർ വാങ്ങുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ബ്ലഡ് ബാങ്ക്, ട്രോമ കെയർ, എല്ലാവിധ ലബോറട്ടറി സൗകര്യം, എം.ആർ.ഐ.എക്സ്റേ, സി.ടി.സ്കാനർ എന്നിവ അടങ്ങുന്ന റേഡിയോളജി സർവീസസ് ഒരു കുടക്കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇപ്പോൾ നടക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | |

......2.

| | | | |
|---|---|---|---|
| (സി) | അത്യാഹിത വിഭാഗം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (സി) | അത്യാഹിത വിഭാഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കാഷ്വാലിറ്റിയിൽത്തന്നെ ഒരു തീവ്ര പരിചരണ വിഭാഗവും (ICU) വെന്റിലേറ്റർ, ഡെഫിബ്രിലേറ്റർ, കാർഡിയാക് മോണിറ്റർ, പൾസ് ഓക്സിമീറ്റർ, അൾട്രാസൗണ്ട് സ്കാൻ മുതലായ ഉപകരണങ്ങളും രോഗികളെ പരിശോധിക്കുന്നതിനായി ട്രയേജ് ഏരിയയും, രോഗത്തിന്റെ തീവ്രത അനുസരിച്ച് അതാത് വിഭാഗങ്ങളിലേക്ക് രോഗികളെ എത്തിക്കുന്നതിനും തീവ്രപരിചരണം ആവശ്യമുള്ളവരെ തിരിച്ചറിയാനായി സ്റ്റിക്കർ സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്. കാഷ്വാലിറ്റി ഏരിയയിൽ ബ്ലഡ് കളക്ഷൻ സെന്ററും, രോഗികളെ ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ എത്തിക്കുന്നതിനാവശ്യമായ ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ രോഗിയുടെ കൂട്ടിരിപ്പുകാർക്ക് വിശ്രമ സൗകര്യവും ഒരു പബ്ലിക് റിലേഷൻസ് ഓഫീസറുടെ സേവനവും ഇൻഫർമേഷൻ കൗണ്ടറിൽ 24 മണിക്കൂറും ലഭ്യമാണ്. കാഷ്വാലിറ്റിയിൽ ഒരു പബ്ലിക് അഡ്രസ് സിസ്റ്റം സ്ഥാപിക്കുന്നതിന് നടപടി എടുത്തുവരുന്നു. |
| (ഡി) | കോളേജ് ഹോസ്റ്റലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | | (ഡി) & (ഇ)<br><br>ലേഡീസ് ഹോസ്റ്റലിനായി 1½ കോടി രൂപ ചെലവിൽ ഒരു പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. പി.ജി.ബ്ലോക്കിനു മുകളിലായി 140 ഹൗസ്‌സർജൻമാർക്ക് താമസിക്കുന്നതിനുള്ള സംവിധാനം പൂർത്തിയായിവരുന്നു. 2.33 കോടി രൂപ ചെലവിൽ പി.ജി.നേഴ്സിംഗിനായി (OP) ബ്ലോക്കിന്റെ 6-ാം നിലയിൽ പണി ആരംഭിക്കുന്നതിനും . നഴ്സിംഗ് വിഭാഗത്തിലെ ആൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മേൽ പ്രസ്താവിച്ച വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ അത്യാഹിത വിഭാഗത്തിനും ട്രോമാകെയറിനും ഒരു പ്രത്യേക ബ്ലോക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (ഇ) | ആശുപത്രിയുടെ വികസനത്തിനായി പുതിയ ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത് ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225 02.03.2009 ൽ മറുപടിക്ക്

### <u>മുല്ലപ്പെരിയാർ ഡാം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; | (എ) | മുല്ലപ്പെരിയാർ ഡാം കേസിന്റെ വാദം സുപ്രീം കോടതിയിൽ നടക്കുകയാണ്. അടുത്ത വാദം മാർച്ച് മാസം 31, ഏപ്രിൽ 1 തീയതികളിൽ നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പെരിയാർ ടൈഗർ റിസർവ്വ് വനത്തിൽ സർവ്വേ ചെയ്യുന്നതിനും, ബോർ ഹോൾസ് എടുക്കുന്നതിനുമുള്ള അനുമതി ലഭിച്ചോ; പ്രസ്തുത അനുമതി ലഭിക്കുന്നതിനുവേണ്ട അപേക്ഷ സമർപ്പിച്ചത് എന്നാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | അനുമതി ലഭിച്ചിട്ടില്ല. ചീഫ് എഞ്ചിനീയർ 24.08.2007 ൽ നൽകിയ അപേക്ഷ കേരള വനം വകുപ്പ് 11.03.2008 ൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ്, മിനിസ്ട്രി ഓഫ് എൻവൈറോൺമെന്റ് ആന്റ് ഫോറസ്റ്റ്, ന്യൂഡൽഹിയ്ക്ക് സമർപ്പിച്ചു. എന്നാൽ 1972 ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ടിന്റെ സെക്ഷൻ 29 അനുസരിച്ച് വന്യജീവി സങ്കേതത്തിൽ വനേതര പ്രവൃത്തികൾ ചെയ്യുന്നതിന് സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ അനുമതി വേണമെന്ന് കേന്ദ്ര വനം മന്ത്രാലയം അറിയിക്കുകയുണ്ടായി. സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ മീറ്റിംഗ് 2.3.09 ന് കൂടുവാൻ തീരുമാനിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | പുതിയ ഡാമിന്റെ പര്യവേഷണവുമായി ബന്ധപ്പെട്ട് മുല്ലപ്പെരിയാറിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) | പുതിയ ഡാമിന്റെ പര്യവേക്ഷണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഉത്തരവ് എം.എസ്. നം. 52/2007/ ജലവിഭവ തീയതി 18.08.2007 പ്രകാരം ഒരു ഇൻവസ്റ്റിഗേഷൻ സബ്ഡിവിഷൻ ഓഫീസ് തുറന്നു പ്രവർത്തിക്കാനുള്ള അനുമതി നൽകി. കൂടാതെ 1,31,25,000/- (ഒരു കോടി മുപ്പത്തിയൊന്നു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയ്ക്കുള്ള പര്യവേക്ഷണ എസ്റ്റിമേറ്റിന് 16.2.08 ൽ അനുമതി നൽകുകയുണ്ടായി. പെരിയാർ ടൈഗർ റിസർവ് വനത്തിന്റെ പരിധിയ്ക്ക് പുറത്ത് വള്ളക്കടവ് ചപ്പാത്തിൽ നിന്നും 03 കിലോ മീറ്റർ ദൂരം വരെയുള്ള റിവർ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബോർ ഹോൾ എടുക്കുന്നതിന് അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ബാക്കി ഇൻവസ്റ്റിഗേഷൻ പണി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226 | 02.03.2009-ൽ മറുപടിക്ക് |
|---|---|

**ഏകീകൃത സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുധാകരൻ | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ മേഖലയിൽ ഏകീകൃതമായ സ്റ്റാഫ് പാറ്റേണും പ്രവർത്തന രീതിയും നടപ്പാക്കുന്നതിന്റെ ഭാഗമായി എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും എത്ര മറ്റ് ആശുപത്രികളെ താലൂക്ക് ആശുപത്രികളായും ഉയർത്തിയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളെ സ്റ്റാൻഡർഡൈസ് ചെയ്യുന്നതിന്റെ ഭാഗമായി 6-11-2008-ലെ സർക്കാർ ഉത്തരവ് പ്രകാരം 135 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും 22 ആശുപത്രികളെ താലൂക്കാശുപത്രികളായും ഉയർത്തുവാൻ തിരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | | (ബി)യും (സി)യും<br>സ്റ്റാൻഡർഡൈസേഷന്റെ ഭാഗമായി പദവി ഉയർത്താൻ തിരുമാനിച്ച സ്ഥാപനങ്ങളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലുൾപ്പെടെ അവശ്യം വേണ്ട സ്റ്റാഫിനെ നിയമിക്കുന്ന കാര്യം പരിശോധിച്ച് തിരുമാനിക്കുന്നതാണ്. |
| (സി) | ഈ സ്ഥാപനങ്ങളിൽ നേത്ര ചികിത്സയ്ക്കും ദന്ത ചികിത്സയ്ക്കുമുള്ള സ്റ്റാഫിനെ പ്രത്യേകമായി നിയമിക്കുമോ: ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 227 | 02..03..2009 ൽ മറുപടിക്ക് |
|---|---|

## കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ :<br>ശ്രീ. പി.വിശ്വൻ:<br>ശ്രീ. എ.സി.മൊയ്തീൻ :<br>ശ്രീമതി.കെ.കെ. ലതിക: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് സർവ്വീസ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കേന്ദ്രാവിഷ്കൃതമായ ദേശീയ മാനസികാരോഗ്യപരിപാടിയുടെ കീഴിൽ കേരളത്തിലെ തിരുവനന്തപുരം, ഇടുക്കി, തൃശൂർ, വയനാട്, കണ്ണൂർ എന്നി ജില്ലകളിലും ദേശീയ ഗ്രാമീണ ആരോഗ്യ പരിപാടിയുടെ കീഴിൽ കോഴിക്കോട് , മലപ്പുറം , കാസർഗോഡ് എന്നീ ജില്ലകളിലും ഇപ്പോൾത്തന്നെ കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ആശുപത്രികളിലാണ് പ്രത്യേക സൈക്യാട്രി ക്ളിനിക്കുകൾ ആരംഭിക്കുന്നത്; ഇതിലേക്ക് കേന്ദ്ര സഹായമായി എത്ര തുക ലഭിക്കും എന്ന് വ്യക്തമാക്കുമോ; | (ബി) | മേൽപ്പറഞ്ഞ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി ഹെൽത്തു സെന്ററുകളിലും ,കമ്മ്യൂണിറ്റി ഹെൽത്തു സെന്ററുകളിലും, താലൂക്ക് ആശുപത്രികളിലുമാണ് ഇപ്പോൾ ഇത്തരം സൈക്യാട്രിക് ക്ളിനിക്കുകൾ പ്രവർത്തിച്ച് വരുന്നത്. ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ കീഴിൽ ഇടുക്കി, വയനാട് ,കോഴിക്കോട് എന്നീ ജില്ലകളിൽ 2005-2006 മുതൽ നാലു വർഷത്തേക്ക് 89.40 ലക്ഷം രൂപ ഇതിലേക്കായി കേന്ദ്ര ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ ഭാഗമായി കോഴിക്കോട്, മലപ്പുറം, ജില്ലകൾക്ക് 25 ലക്ഷം രൂപ വീതവും കാസർഗോഡ് ജില്ലക്ക് 30 ലക്ഷം രൂപയും ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. |
| (സി) | സൈക്യാട്രിയിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത തടയുന്നതിന് ആവശ്യമായ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ബോധവൽക്കരണ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 228

02.03.2009 ൽ മറുപടിയ്ക്ക്

## പമ്പാ നദി മാലിന്യമുക്തമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പ് മന്ത്രി) |
| എ) പമ്പാ നദി മാലിന്യ മുക്തമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കുമോ; | എ) പമ്പാ നദിയെ മാലിന്യമുക്തമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പമ്പാ കർമ്മ പദ്ധതി. ഇതിന്റെ ഒന്നാം ഘട്ടത്തിലുള്ള 12 പ്രവർത്തികൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 02-05-2003 ലെ J-39072/1/2001-NRCD II എന്ന ഓർഡർ പ്രകാരം 18.45 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ 18-11-2003 തീയതിയിലുള്ള ഓർഡർ നം. G.O(Rt) No. 1409/2003/WRD പ്രകാരം പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തു. ടി 12 പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഒന്നാം ഘട്ടത്തിന്റെ ഭാഗമായി പമ്പാ മേഖലയിൽ മലിനജലസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; | ബി) ശബരിമലയിലും പമ്പയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും സ്വീവർ ലൈനിന്റെയും ടെൻഡറുമായി ബന്ധപ്പെട്ട തുടർനടപടികൾ ദേവസ്വം ബോർഡ് നടത്തിവരുന്നു. |
| സി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;<br><br>ഡി) പമ്പാ നദിയുടെ ഏതെല്ലാം ഭാഗങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ? | സി) & ഡി) പമ്പാ കർമ്മ പദ്ധതിയുടെ നടത്തിപ്പിനായി പമ്പാ റിവർബേസിൻ അതോറിറ്റി രൂപീകരിക്കുകയും ഈ അതോറിറ്റി 26-09-2008 ലെ 27577/ഐ.ആർ.3/06/ജ[illegible] നോട്ടിഫിക്കേഷൻ പ്രകാരം 03-10-2008 മുതൽ നിലവിൽ വരുകയും ചെയ്തു. പ്രസ്തുത അതോറിറ്റി പമ്പാ കർമ്മ പദ്ധതിയുടെ രണ്ടാം ഘട്ട പ്രാരംഭ പഠനം നടത്തുവാൻ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റിനെ ഏൽപിക്കാൻ തീരുമാനി |

ശുപാർശയും ചെയ്തു. പമ്പാ ആക്ഷൻ പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ പമ്പാ റിവർ ബേസിൻ അതോറിറ്റിയുടെ മേൽനോട്ടത്തിലായിരിക്കും.

Mary Joseph.K

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് -

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 229 — 02.03.2009 -ൽ മറുപടിക്ക്

## കൊതുക് നശീകരണത്തിന് ജൈവ കീടനാശിനി വ്യാപിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) കൊതുക് നശീകരണത്തിന് രാസകീടനാശിനികൾക്ക് പകരം ജൈവകീടനാശിനികളുടെ ഉപയോഗം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) കൊതുക് നശീകരണത്തിന് പ്രധാനമായും രാസകീടനാശിനികളാണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ പല രാസകീടനാശിനികൾക്കും എതിരായി കൊതുകുകൾ പ്രതിരോധശേഷി നേടിയതിനാൽ രാസകീടനാശിനികളുടെ ഉപയോഗം ക്രമേണ കുറച്ചു കൊണ്ടു വരുകയാണ്. മുമ്പ് മലമ്പനി നിയന്ത്രണത്തിനായി വ്യാപകമായി ഉപയോഗിച്ചിരുന്ന ഡി.ഡി.റ്റി. എന്ന കീടനാശിനി ഇപ്പോൾ വളരെ കുറഞ്ഞ അളവിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. അതുപോലെ തന്നെ കൂത്താടി നാശിനിയായി ഉപയോഗിച്ചുവരുന്ന "ബൈട്ടക്സ്" (ഫെൻതിയോൺ) എന്ന രാസകീടനാശിനി ഉപയോഗിക്കുന്നത് എൻ.വി.ബി.ഡി.സി.പി. ഉത്തരവ് പ്രകാരം നിരോധിച്ചിരിക്കുകയാണ്.<br>ഇതിനു പകരമായി ചില പ്രത്യേകതരം ബാക്ടീരിയകളെ കൂത്താടിനാശിനിയായി ഉപയോഗിക്കുവാൻ എൻ.വി.ബി.ഡി.സി.പി. നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആരോഗ്യ വകുപ്പ് പരിസ്ഥിതിക്കോ മറ്റു ജീവജാലങ്ങൾക്കോ ഹാനികരമല്ലാത്ത ജൈവകീടനാശിനികൾ വാങ്ങി ഉപയോഗിച്ചുവരുന്നു. |
| ബി) കൊതുക് നശീകരണത്തിന് സാധാരണയായി ഏതെല്ലാം മാർഗ്ഗങ്ങളാണ് ആരോഗ്യവകുപ്പ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്; ഏതെല്ലാം രാസ കീടനാശിനികൾ കൊതുക് നശീകരണത്തിനായി ഉപയോഗിക്കുന്നു എന്ന് വെളിപ്പെടുത്തുമോ? | ബി) കൊതുക് നശീകരണത്തിനായി വിവിധ മാർഗ്ഗങ്ങളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.<br>1. രാസകീടനാശിനിപ്രയോഗത്തിലൂടെയുള്ള നിയന്ത്രണം.<br>2. ജൈവിക കീടനാശിനി ഉപയോഗിച്ചുള്ള നിയന്ത്രണം.<br>3. ജൈവികനിയന്ത്രണമാർഗ്ഗങ്ങൾ.<br>4. പരിസ്ഥിതി മാർഗ്ഗങ്ങൾ<br><br>1. രാസകീടനാശിനി പ്രയോഗത്തിലൂടെ കൊതുക് നിയന്ത്രണം:<br>വിവിധതരം രാസകീടനാശിനികൾ ഉപയോഗിച്ച് കൊതുകിനേയും അതിന്റെ കൂത്താടിയേയും നശിപ്പിക്കുകയാണ് ഈ മാർഗ്ഗംകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രധാനമായും താഴെപറയുന്ന കീടനാശിനികളാണ് കൊതുക് നശീകരണത്തിനായി ആരോഗ്യ വകുപ്പ് ഉപയോഗിച്ചുവരുന്നത്.<br>i). സിന്തെറ്റിക് പൈറത്രോയ്ഡുകൾ<br>(a) സൈഫ്ളൂത്രിൻ 10% |

(b) ഡെൽറ്റമെത്രിൻ 2.5%

(c) ആൽഫാസൈപർമെത്രിൻ 5%

ii). ഡി.ഡി.റ്റി. 50%

ഇതിന്റെ ഉപയോഗം പരമാവധി കുറച്ച് കൊണ്ടുവരികയാണ്.

iii). മാലത്തിയോൺ ടെക്നിക്കൽ ഗ്രേഡ്

ഫോഗിംഗിന് ഉപയോഗിച്ച് വരുന്നു.

iv). ടെമിഫോസ് 50% ഇ.ഡി.

കൂത്താടി നാശിനിയായി ഉപയോഗിക്കുന്നു.

2. ജൈവിക കീടനാശിനിപ്രയോഗത്തിലൂടെ കൊതുക് നിയന്ത്രണം:

i). ബാസില്ലസ് തുറുഞ്ചിയൻസിസ് വെറൈറ്റി ഇസ്രേലിയൻസിസ് എച്ച് 14

ഈ ജൈവകീടനാശിനി പൊടിരൂപത്തിലും ലായനിരൂപത്തിലും ലഭ്യമാണ്.

ii). ബാസില്ലസ് സ്ഫെറിക്കസ്.

3. ജൈവികനിയന്ത്രണമാർഗ്ഗങ്ങൾ:

കൊതുകിന്റെ കൂത്താടികളെ തിന്നു നശിപ്പിക്കുന്ന ജീവികളെ ഉപയോഗിച്ച് കൊതുക് നശീകരണം സാധ്യമാകാറുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായി ഉപയോഗിക്കുന്നത് കൂത്താടിഭോജ്യ മത്സ്യങ്ങളെയാണ്. ഗപ്പി, ഗാംബൂസിയ, മാനത്ത്കണ്ണി എന്നീ മത്സ്യങ്ങളെ വ്യാപകമായി കൂത്താടിനശീകരണത്തിനായി ഉപയോഗിച്ചുവരുന്നു.

4. പരിസ്ഥിതിമാർഗ്ഗങ്ങൾ:

ഏറ്റവും ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് ഒട്ടും ഹാനികരമല്ലാത്തതും ഫലപ്രദവുമായ മാർഗ്ഗങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഓടകൾ വൃത്തിയാക്കി ജലത്തിന്റെ ഒഴുക്ക് ഉറപ്പ് വരുത്തുക. ആവശ്യമില്ലാത്ത കുഴികൾ മണ്ണിട്ട് നികത്തുക, ചാലുകൾ വെട്ടി മലിനജലം ഒഴുക്കിക്കളയുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ജലസസ്യങ്ങളെ നീക്കം ചെയ്യുക. കക്കൂസിന്റെ ഗ്യാസ് പൈപ്പിൽ കൊതുക്‌വല കെട്ടുക, സെപ്റ്റിക് ടാങ്കിന്റെ സ്ലാബിനടിയിലെ വിള്ളലുകൾ അടയ്ക്കുക, വീടുകളിൽ കൊതുകുവല ഉപയോഗിച്ച് ജനാലകളും വാതിലുകളും അടയ്ക്കുക, വീടിന്റെ പരിസരത്തുള്ള പാഴ്ച്ചെടികൾ വെട്ടിക്കളയുക, വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള എല്ലാ ഉറവിടങ്ങളും നീക്കം ചെയ്യുക, ഒഴുക്കിക്കളയുവാൻ സാധിക്കാത്ത ജലശേഖരങ്ങളിൽ മത്സ്യങ്ങൾ ഇല്ലെങ്കിൽ മണ്ണെണ്ണയോ കരിഓയിലോ തളിയ്ക്കുക എന്നീ മാർഗ്ഗങ്ങൾ കൊതുക് നിവാരണത്തിന് ഫലപ്രദമാണ്.

K.S Sudha
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 230 — 02.03.2009-ലെ മറുപടിയ്ക്ക്

സ്പൈസസ് പാർക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.എം.മുരളി<br>ശ്രീ.കെ.അച്ചുതൻ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സ്പൈസസ് പാർക്ക് സംസ്ഥാനത്തിന് അനുവദിച്ചതെന്നാണ്; | (എ) ഇടുക്കി ജില്ലയിൽ ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാ പത്രം സ്പൈസസ് ബോർഡും കിൻഫ്രയും ചേർന്ന് 13.2.07 നാണ് ഒപ്പു വച്ചത്. |
| (ബി) അതിന്റെ തറക്കല്ലിട്ടോ; എങ്കിൽ എപ്പോഴെന്നും എവിടെയെന്നും അറിയിക്കുമോ; | (ബി) പദ്ധതിയ്ക്കുള്ള തറക്കല്ല് ഇടൽ ഇതുവരെ നടത്തിയിട്ടില്ല. |
| (സി) അതിന് എത്ര ഏക്കർ സ്ഥലമാണു വേണ്ടത്; | (സി) സ്പൈസസ് പാർക്ക് രണ്ടു ഘട്ടങ്ങളിലായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br>(1) പ്രീ പ്രോസസിംഗ് സെന്റർ<br>(2) വാല്യൂ അഡിഷൻ സോൺ<br>പ്രീ പ്രോസസിംഗ് സെന്ററിനു വേണ്ടി ഇടുക്കി ജില്ലയിലെ ഉടുമ്പഞ്ചോല താലൂക്കിൽ കൽക്കുന്തൽ വില്ലേജിൽ 100 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. വാല്യൂ അഡിഷൻ സോൺ സ്ഥാപിക്കുന്നതിനു വേണ്ടി തൊടുപുഴ താലൂക്കിലെ മുട്ടം വില്ലേജിൽ വ്യവസായ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന 14.67 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. കൂടാതെ 90.82 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) അതിൽ എത്ര ഏക്കർ ഇതുവരെ അക്വയർ ചെയ്തു; | (ഡി) : ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. |
| (ഇ) ഈ സംരംഭത്തിനു വേണ്ടി ഭൂമി അക്വയർ ചെയ്യുന്നതിലുള്ള കാലതാമസത്തിനു കാരണമെന്ത്? | (ഇ): ഉടുമ്പഞ്ചോലയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ പട്ടയഭൂമിയും പട്ടയമില്ലാത്ത ഭൂമിയും ഉൾപ്പെടുന്നുണ്ട്. പട്ടയമില്ലാത്ത ഭൂമി ഏറ്റെടുക്കുമ്പോൾ കൈവശക്കാർക്ക് നഷ്ട പരിഹാരം നൽകുന്നതിന്റെ മാനദണ്ഡം സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് ആവശ്യമാകയാൽ ഉടുമ്പഞ്ചോലയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിയ്ക്കുന്നതിന് കാലതാമസം ഉണ്ടായി. എന്നാൽ 'ഭൂമി ഏറ്റെടുക്കൽ ഓഫീസറെ' നിയമിക്കുന്നതിലുള്ള കാലതാമസമാണ് തൊടുപുഴയിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് താമസം ഉണ്ടായത്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് ഭൂമി താമസം വിനാ ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

• നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 231 . 02-03-2009-ൽ മറുപടിയ്ക്ക്

കായിക മേഖലയുടെ വികസനത്തിനു പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.എം.എം.മോനായി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സ്പോർട്ട്സ് മേഖലയുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ)<br>സംസ്ഥാനത്ത് സ്പോർട്സ് മേഖലയുടെ വികസനത്തിനും എല്ലാവർക്കും കായിക വിനോദം എന്ന ആശയം വ്യാപിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2000-ലെ സ്പോർട്സ് ആക്ട് നിയമമാക്കുകയുണ്ടായി. പ്രസ്തുത ആക്ട് പ്രകാരം പഞ്ചായത്ത്, മുൻസിപ്പൽ തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ടി കൗൺസിലുകൾ നിലവിൽ വരുന്നതോടുകൂടി സ്പോർട്സ് പ്രവർത്തനങ്ങൾ താഴെ തലത്തിൽ കൂടുതൽ ഊർജ്ജസ്വലമാകുന്നതാണ്. കൂടാതെ സംസ്ഥാനത്തെ കായിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി ശ്രീ.എ.കെ.പാണ്ഡ്യ.ഐ.എ.എസ്. ചെയർമാനായി സ്പോർട്സ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ സ്പോർട്സ് രംഗത്തിന് സമഗ്രമായ മാറ്റം വരുത്തുന്നതിന് സാധിക്കുന്നതാണ്. |

— — — –

(ബി)
കായിക താരങ്ങൾക്ക് പരിശീലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി)
ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ഇപ്പോൾ വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി)
കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) യും (സി) യും (ഡി) യും
കേരളത്തിൽ ഗ്രാമപഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഓരോ വാർഡിലും ഒരു കളിസ്ഥലം ഓരോ പഞ്ചായത്തിലും ഒരു ഓപ്പൺ സ്റ്റേഡിയം, ഓരോ ജില്ലയിലും കായിക സമുച്ചയങ്ങൾ തുടങ്ങിയവയും, സംസ്ഥാന തലത്തിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തിന് അനുവദിച്ച 35-ാമത് ദേശീയ ഗെയിംസ് 2010 മെയിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള തീവ്ര നടപടികൾ നടന്നു വരുന്നു. ഇതിന്റെ നടത്തിപ്പിനായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം, നിരവധി പുതിയ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ലോകനിലവാരത്തിലുള്ള ഈ അടിസ്ഥാന സൗകര്യങ്ങൾ കേരളത്തിലെ കായിക രംഗത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ആക്കം കൂട്ടും.

ഗ്രാമീണ മേഖലയിലെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കായിക താരങ്ങൾക്ക് പരിശീലനത്തിനായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

തിരുവനന്തപുരത്തെ പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ കുളം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയായി പരിശീലനത്തിന് ഉപയോഗിച്ചു വരുന്നു. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ ജനങ്ങളെ സ്പോർട്സ് മേഖലയിലേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിലേയക്കും സ്പോർട്സ് നിത്യജീവിതത്തിന്റെ ഭാഗമാക്കുന്നതിനും ലക്ഷ്യമിട്ട് സ്കൂളുകളിൽ സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി നടപ്പിലാക്കി വരികയാണ്.

ഇതിനു പുറമെ കായിക രംഗത്ത് മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനും പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതിനായി കേരള സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു.

- കൂടാതെ ചെറുപ്രായത്തിൽ തന്നെ കുട്ടികളിലെ കായിക മികവ് കണ്ടെത്തി വിദഗ്ദ്ധ പരിശീലനം നൽകി കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ള പുനരാവിഷ്ക്കരിച്ച ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയും നടപ്പാക്കി വരുന്നു. മുൻപു നടപ്പാക്കിയ ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പ്രകാരം കരകുളം യു.പി.എസിലെ 741 കുട്ടികൾ നീന്തൽ പരിശീലനം നേടി വരുന്നു.

(ഇ)
പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ പദ്ധതി പ്രകാരം ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് അറിയിക്കുമോ ?

(ഇ)
പഞ്ചായത്ത് തലത്തിൽ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പഞ്ചായത്ത് യുവ ക്രീഡാ ഔർ ഖേൽ അഭിയാൻ പദ്ധതി. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 100 ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒന്നാമത്തെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്ര വിഹിതമായി 1,31,25,000/- രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുമുണ്ട്. പ്രസ്തുത തുക ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 232

02.03.2009 -ൽ മറുപടിക്ക്

തീരദേശ ആശുപത്രി നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.എം.ആരിഫ്<br>" പി.പി.അബ്ദുള്ളക്കുട്ടി<br>" എം.കെ.പുരുഷോത്തമൻ<br>" സി.കെ.സദാശിവൻ<br>" എ.പ്രദീപ് കുമാർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സുനാമി പുനരധിവാസ പദ്ധതിപ്രകാരം തീരപ്രദേശങ്ങളിലെ ആശുപത്രികൾ നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) സുനാമി പുനരധിവാസ പദ്ധതിപ്രകാരം 126 (നൂറ്റിഇരുപത്തിആറ്) പദ്ധതികൾക്കാണ് ആരോഗ്യ മേഖലയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ആശുപത്രികളിലെ നിർമ്മാണപ്രവർത്തനങ്ങൾ, നവീകരണപ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രവൃത്തികളാണ് ഈ പദ്ധതികൾ പ്രകാരം ലക്ഷ്യമിടുന്നത്.<br>ഈ പദ്ധതികളുടെ നിർവഹണത്തിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ്, സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളായ കെ.എച്ച്.ആർ.ഡബ്ല്യു.എസ്., കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരളാ ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br>ആശുപത്രി അധികൃതരുടെ മേൽനോട്ടത്തിൽ ഏജൻസികൾ തയ്യാറാക്കുന്ന മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിക്കുന്ന മുറക്ക് നിർമാണ പ്രവൃത്തികൾ ആരംഭിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നു. |
| ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | ബി) 73.55 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| സി) ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | സി) സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള 126 പദ്ധതികളിലും ആശുപത്രിയുടെ അടിസ്ഥാനസൗകര്യങ്ങളുടേയും പശ്ചാത്തലസൗകര്യങ്ങളുടേയും വികസനമാണ് ലക്ഷ്യമിടുന്നത്. ഇതിനായാണ് 73.55 കോടി രൂപ അനുവദിച്ചിട്ടുള്ളത്. |
| ഡി) തീരപ്രദേശങ്ങളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമോ? | ഡി) പ്രത്യേക പരിഗണന നൽകുന്നുണ്ട്. |

K.S.Sudha

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 233 — 02.03.2009-ൽ മറുപടിക്ക്

## നബാർഡ് സഹായത്തോടെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ.കെ. ബാബു | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) നബാർഡിന്റെ സഹായത്തോടെ പുതുതായി എത്ര പ്രത്യേക കുടിവെള്ള പദ്ധതികളാണ് നടപ്പാക്കുന്നത്;

(എ) നബാർഡ് സഹായത്തോടെ പുതുതായി 36 കുടിവെള്ള പദ്ധതികളാണ് നടപ്പാക്കുന്നത്.

(ബി) എന്തെല്ലാം വ്യവസ്ഥകളിലാണ് നബാർഡ് ധനസഹായം നൽകുന്നത്;

(ബി) നബാർഡിന്റെ ധനസഹായ വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്.

1. പലിശനിരക്ക് - 6.5%
2. ലോൺ കാലാവധി - ലോൺ കൈപ്പറ്റിയ തിയതി മുതൽ 7 വർഷം വരെ ( 2 വർഷ ഗ്രേസ് പീരിഡ് ഉൾപ്പടെ)
3. പദ്ധതി പൂർത്തീകരിക്കേണ്ട കാലയളവ് -31.3.2011-ന് അകം.
4. 1.4.2008-ന് ശേഷമുള്ള പദ്ധതി ചെലവുകൾ മാത്രമെ നബാർഡ് നൽകുകയുള്ളു
5. 670.15 കോടി രൂപ മൊത്തം അടങ്കൽ തുകയുള്ള 36 പദ്ധതികൾക്ക് നബാർഡ് 449.89 കോടി രൂപയാണ് വായ്പ നൽകുന്നത്. ബാക്കി തുക സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടതാണ്.

(സി) ഈ പദ്ധതി പ്രകാരം ആരംഭിക്കുന്ന പണികൾ എന്നു പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(സി) പദ്ധതികൾ ആരംഭിച്ച് രണ്ടു വർഷത്തിനകം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) നിശ്ചിത തീയതിക്കു തന്നെ അവ കമ്മീഷൻ ചെയ്യുന്നതിന് എന്തെല്ലാം

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു വേണ്ടി പദ്ധതി

മുൻകരുതലുകളാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഘടകങ്ങൾക്കു വേണ്ട സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുകയും സ്ഥലമെടുപ്പ് പൂർത്തിയാക്കാനുള്ള ചില പദ്ധതികൾക്ക് നിശ്ചിത തീയതിക്കകം സ്ഥലം ലഭിക്കുമെന്ന് ഉറപ്പാക്കിയുമാണ് സ്പാനിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി പദ്ധതികൾ തെരഞ്ഞെടുത്തത്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഫാസ്റ്റ്ട്രാക്ക് സംവിധാനം ഏർപ്പെടുത്തി. പദ്ധതികളുടെ ടെൻഡർ നടപടികൾ വേഗത്തിലും സുതാര്യമായും പൂർത്തിയാക്കുന്നതിന് വാട്ടർ അതോറിറ്റി മേഖലാതലത്തിലും ഹെഡ് ഓഫീസ് തലത്തിലും ടെക്നിക്കൽ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കാലവിളംബം ഒഴിവാക്കി ടെൻഡർ അംഗീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

നിർമ്മാണ പ്രവർത്തന സൗകര്യത്തിനായി പദ്ധതികളെ വിവിധ പാക്കേജുകളായി തിരിച്ച് 1.5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുകവരുന്ന പ്രവൃത്തികൾ ഇ- ടെണ്ടറിംഗ് സംവിധാനത്തിലൂടെ ടെൻഡർ ചെയ്തു. ആകെയുള്ള 97 പാക്കേജുകളിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ 57 പാക്കേജുകളിൽ അംഗീകാരം ലഭിച്ചവയിൽ എത്രയും വേഗം എഗ്രിമെന്റ് വയ്ക്കുവാനും പണികൾ തുടങ്ങുവാനും ബന്ധപ്പെട്ട കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതാനും പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 234 — 02.03.2009 ൽ മറുപടിക്ക്

## വെട്ടിപ്പൊളിച്ച റോഡുകളുടെ പുനർനിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എ. അസീസ് | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പ് മന്ത്രി) |
| എ ജപ്പാൻ കുടിവെള്ള പദ്ധതിക്കു വേണ്ടി പി.ഡബ്ല്യു.ഡി. റോഡുകൾ വെട്ടിക്കുഴിച്ചതുമൂലം യാത്രാക്ലേശം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ ഉണ്ട്. |
| ബി ഈ റോഡുകളുടെ പുനർ നിർമ്മാണം അടിയന്തിരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി. റോഡുകളുടെ പുനർനിർമ്മാണം അടിയന്തിരമായി നടപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 235 | 02..03..2009 ൽ മറുപടിക്ക് |
|---|---|

### ജീവൻരക്ഷാ മരുന്നുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.പി.മുഹമ്മദ്;<br>ശ്രീ. എം.എ.വാഹിദ്;<br>ശ്രീ.കെ.അച്ചുതൻ: | | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും മറ്റ് ഉപകരണങ്ങളും സ്റ്റോക്ക് ചെയ്യാത്തതെന്തുകൊണ്ടാണ് ; | (എ) | സർക്കാർ ആശുപത്രികളിൽ മരുന്നും മറ്റ് ഉപകരണങ്ങളും ആവശ്യത്തിന് സ്റ്റോക്ക് ചെയ്തുവരുന്നുണ്ട്. |
| (ബി) | ഒരു വർഷത്തേക്ക് മെഡിക്കൽ കോളേജ് ആശുപത്രി ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതിന് മെഡിക്കൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്ന് ആ വർഷത്തെ ആവശ്യത്തിന് തികയുന്നുണ്ടോ; | (ബി) | ഉണ്ട്. അപൂർവം ചില മരുന്നുകളുടെ ചില ബാച്ചുകൾ നിശ്ചിത ഗുണനിലവാരമില്ലാത്ത കാരണത്താൽ ആശുപത്രികളിൽ തുടർന്നും വിതരണം ചെയ്യാൻ സാധിക്കാതെ വന്നതിനാൽ അവയുടെ ക്ഷാമം മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിൽ അനുഭവപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആ കുറവ് പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ മെഡിക്കൽ സപ്ലൈസ് കോർപ്പറേഷൻ ഒരു വർഷത്തേക്കു വാങ്ങുന്ന മരുന്നുകൾ എത്ര മാസത്തെ ആവശ്യത്തിനു തികയുമെന്ന് വ്യക്തമാക്കുമോ; | | (സി) & (ഡി)<br>മുൻ വർഷത്തെ ഉപയോഗത്തിനടിസ്ഥാനത്തിലാണ് സർക്കാർ ആശുപത്രികൾക്ക് ആ വർഷത്തേക്കുള്ള ഇൻഡന്റ് തയ്യാറാക്കുന്നത്. മുൻ വർഷം സർക്കാർ നൽകിയ മരുന്നും ലോക്കൽ പർച്ചേസും ചേർന്നതാണ് ആ വർഷത്തെ ഇൻഡന്റ്. പ്രസ്തുത ഇൻഡന്റിനു പുറമെ മൂന്നു മാസത്തേക്കാവശ്യമായ മരുന്നുകൾ ബഫർ സ്റ്റോക്കായി കോർപ്പറേഷൻ വാങ്ങി സൂക്ഷിക്കുകയും ചെയ്യുന്നു. ഈ പ്രക്രിയ വഴി സർക്കാർആശുപത്രികൾക്കാവശ്യമായ മരുന്നുകൾ ഒരു വർഷത്തേയ്ക്ക് മുടക്കം കൂടാതെ വിതരണം ചെയ്യാൻ കഴിയുന്നു. |
| (ഡി) | സർക്കാർ ആശുപത്രികളിൽ എല്ലായ്പ്പോഴും മരുന്നുകൾ പ്രത്യേകിച്ച് ജീവൻ രക്ഷാ മരുന്നുകളുടെ സ്റ്റോക്കുണ്ടാക്കുവാൻ എന്തു നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു; | | |
| (ഇ) | സർക്കാർ ആശുപത്രികളിൽ വരുന്ന ബി.പി.എൽ . വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് മരുന്നു സൗജന്യമായി നൽകുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുമോ ? | | സർക്കാർ ആശുപത്രികളിൽ ചികിത്സക്കായി എത്തുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന എല്ലാ രോഗികൾക്കും മരുന്നും ചികിത്സയും പൂർണ്ണമായും സൗജന്യമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 236 | 02..03..2009 ൽ മറുപടിക്ക് |
|---|---|

## അനധികൃതമായി പ്രവർത്തിക്കുന്ന മസാജ് പാർലറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കൃഷ്ണ പ്രസാദ്:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :<br>പ്രൊഫ.സി. രവീന്ദ്രനാഥ് :<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.കെ.ടി.ജലീൽ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അനധികൃതമായി പ്രവർത്തിക്കുന്ന മസാജ് പാർലറുകളെയും ചികിത്സാ കേന്ദ്രങ്ങളെയും നിയന്ത്രിക്കുന്നതിനുള്ള നിയമം നടപ്പാക്കുന്നതിന് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | നിയമം കർശനമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | കേരള ആയുർവേദ കേന്ദ്രങ്ങൾ നിയന്ത്രിക്കലും അംഗീകാര പത്രം നൽകലും എന്ന നിയമപ്രകാരം നിലവിലുള്ള സ്വകാര്യ ആയുർവേദ സ്ഥാപനങ്ങളുടെ വിവരം ക്രോഡീകരിക്കുന്നതിനുള്ള നടപടി ഭാരതീയ ചികിത്സാ വകുപ്പു ഡയറക്ടർ സ്വീകരിച്ചുവരുന്നു. |
| (സി) | അനധികൃതമായി പ്രവർത്തിച്ചു വരുന്ന എത്ര മസാജ് പാർലറുകളും ചികിത്സാ കേന്ദ്രങ്ങളും അടച്ചുപൂട്ടി എന്ന് വെളിപ്പെടുത്തുമോ; | (സി) | അനധികൃതമായി പ്രവർത്തിച്ചുവരുന്ന രണ്ട് മസാജ് പാർലറുകളും പതിനാല് ആയുർവേദ ക്ലിനിക്കുകളും രണ്ട് ബ്യൂട്ടി ക്ലിനിക്കുകളും രണ്ട് വ്യാജ ചികിത്സാ കേന്ദ്രങ്ങളും പോലിസ് നടപടിയെ തുടർന്ന് അടച്ചുപൂട്ടിയിട്ടുണ്ട്. |
| (ഡി) | തിരുമ്മൽ ചികിത്സയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) | കേരള ആയുർവേദ കേന്ദ്രങ്ങൾ നിയന്ത്രിക്കലും അംഗീകാര പത്രം നൽകലും എന്ന നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കി കഴിഞ്ഞാൽ തിരുമ്മൽ ചികിത്സയിലെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് സാധിക്കുന്നതാണ്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ ആയുർവേദ കോളേജ് ആശുപത്രികളിലും തിരുമ്മൽ ചികിത്സയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായി തിരുമ്മൽ പഠിപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുള്ള ആയുർവേദ തെറാപ്പിസ്റ്റുകൾക്ക് മാത്രമേ നിയമനം നൽകുന്നുള്ളു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237 02/03/2009-ൽ മറുപടിയ്ക്ക്

## പേവിഷബാധയ്ക്കുള്ള പ്രതിരോധ ഔഷധത്തിന്റെ ദൗർലഭ്യം പരിഹരിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു:<br>ശ്രീ. ജോർജ് എം. തോമസ്:<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ:<br>ശ്രീ ബാബു എം. പാലിശ്ശേരി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

---

| ചോദ്യം | മറുപടി |
|---|---|
| (എ) പേവിഷബാധയ്ക്കുള്ള പ്രതിരോധ ഔഷധത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്.<br>കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന ഈ സാമ്പത്തിക വർഷം3,19,859 വാക്സിനുകൾ വാങ്ങി വിവിധ ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളിൽ പേവിഷബാധക്കുള്ള പ്രതിരോധ ഔഷധത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി തൊലിക്കുള്ളിൽ കുത്തിവയ്ക്കുന്ന ഇൻട്രാ ഡെർമൽ രീതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം തലത്തിലുള്ള ആശുപത്രികളിലാണ് മരുന്നുകൾ ശേഖരിച്ചിട്ടുള്ളത്; | (ബി) പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മരുന്നുകൾ ശേഖരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പേശികളിൽ കുത്തിവയ്പ് നടത്തുന്ന ഇൻട്രാമസ്കുലർ രീതിക്കു പകരം തൊലിക്കുള്ളിൽ കുത്തിവയ്പ് നടത്തുന്ന ഇൻട്രാ ഡെർമൽ രീതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ഡി) | കുറഞ്ഞ ചെലവിൽ പേവിഷബാധയെ പ്രതിരോധിക്കാൻ സാധിക്കുന്നു. |
| (ഇ) | പേവിഷബാധയ്ക്കുള്ള ചികിത്സ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നം. 238</u>

<u>02.03.2009-ൽ</u>
<u>മറുപടിക്ക്</u>

## <u>പെൺ ഭ്രൂണഹത്യ</u>

| <u>ചോദ്യം</u><br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | <u>ഉത്തരം</u><br>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| --- | --- |
| എ) പെൺ ഭ്രൂണഹത്യ പ്രവണത കൂടി വരുന്നതിനെതിരായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) പെൺ ഭ്രൂണഹത്യ പ്രവണത കേരളത്തിൽ നടക്കുന്നതായി തെളിവുകൾ ലഭിച്ചിട്ടില്ല. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പെൺ ഭ്രൂണഹത്യ തടയുന്നതിനായി പി.എൻ.ഡി.റ്റി. ആക്ട് ഓഫ് 1994 ആൻറ് റൂൾസ് 1996 പ്രകാരമുള്ള നിയമ നടപടികൾ കർശനമായി സ്വീകരിച്ചു വരുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും ജനിതക ക്ലിനിക്കോ, ജനിതക പരിശോധനാ കേന്ദ്രമോ പ്രവർത്തിച്ചിട്ടുള്ളതായി നാളിതുവരെ റിപ്പോർട്ട് ചെയ്യിട്ടില്ല. നിയമം അനുശാസിക്കുന്നതനുസരിച്ച് താഴെ പറയുന്ന കമ്മിറ്റികൾ സംസ്ഥാന ജില്ലാ തലങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുന:സംഘടിപ്പിച്ചിട്ടുണ്ട്. |

<u>സംസ്ഥാനതലത്തിൽ-</u>

1. സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി
2. സ്റ്റേറ്റ് ലെവൽ അപ്രോപ്രിയേറ്റ് അതോറിറ്റി
3. സ്റ്റേറ്റ് സൂപ്പർവൈസറി ബോർഡ്

<u>മേൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരമാണ്.</u>

1. രണ്ട് മാസത്തിലൊരിക്കൽ സമിതി യോഗം ചേർന്ന് സംസ്ഥാന തലത്തിൽ നിരീക്ഷണവും അവലോകനവും നടത്തുന്നു.
2. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനും, സംസ്ഥാന ആരോഗ്യ വകുപ്പിനും ത്രൈമാസ റിപ്പോർട്ടുകൾ അയയ്ക്കുന്നു.
3. എല്ലാ യോഗങ്ങളിലും ഈ നിയമത്തിൻെറ ലംഘനം, ജനിതക പരിശോധനാ കേന്ദ്രങ്ങളിലെ മിന്നൽ പരിശോധന, ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, 5 വർഷം പൂർത്തിയാക്കിയിട്ടുള്ള കേന്ദ്രങ്ങളുടെ പുനർ രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പുനരവലോകനം നടത്തുന്നു.
4. നിയമം മലയാള ഭാഷയിൽ അച്ചടിച്ച് എല്ലാ അൾട്രാസൗണ്ട് കേന്ദ്രങ്ങളിലും ജനിതക പരിശോധനാ കേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്.
5. എല്ലാ ജനിതക പരിശോധന കേന്ദ്രങ്ങളിലും,ക്ലിനിക്കുകളിലും "ഈ സ്ഥാപനത്തിൽ ലിംഗ നിർണ്ണയ പരിശോധന നടത്തുന്നതല്ല. ലിംഗ നിർണ്ണയം നടത്തുന്നതു് ഗുരുതരമായ കുറ്റവും, ശിക്ഷാർഹവുമാണ്" എന്ന് എഴുതിയിട്ടുള്ള ബോർഡ് പൊതു ജനങ്ങൾ കാണത്തക്ക വിധം സ്ഥാപിച്ചിട്ടുണ്ട്.
6. ബന്ധപ്പെട്ട ജില്ലാ അധികാരിയിൽ നിന്നും ലഭിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എല്ലാ ജനിതക പരിശോധനാ കേന്ദ്രങ്ങളിലും പൊതുജനങ്ങൾക്കു് കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ട്.
7. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി അച്ചടിച്ച ബോധന സാമഗ്രികൾ വിതരണം ചെയ്യുന്നുണ്ട്.
8. നിയമത്തിലെ പ്രധാന വ്യവസ്ഥ പ്രതിപാദിക്കുന്ന വലിയ ബോർഡുകൾ എല്ലാ ജില്ലാ താലൂക്ക് തല ആശുപത്രികളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്.

9. ടെലിവിഷൻ, റേഡിയോ, ദിനപത്രം, മാഗസിൻ, സുവനീർ, ബുള്ളറ്റിൻ തുടങ്ങിയ മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങളിൽ ഈ നിയമത്തെക്കുറിച്ചുള്ള അറിവുകൾ എത്തിക്കുന്നു.

10. ഗ്രാമീണ ജനതയെ ബോധവൽക്കരിക്കുന്നതിന് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, അംഗൻവാടി, മഹിളാ സ്വസ്ത് സംഘ്, 'ആശ' തുടങ്ങിയ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, മുനിസിപ്പാലിറ്റി അദ്ധ്യക്ഷന്മാർ, നഗരസഭാ അദ്ധ്യക്ഷന്മാർ, ജില്ലാ കളക്ടർമാർ എന്നിവർക്ക് ബോധനശില്പശാല നടത്തിയിട്ടുണ്ട്.

12. വൈദ്യശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്ന ഐ.എം.എ., ഐ.എ.പി. തുടങ്ങിയ സംഘടനകൾ ഈ നിയമത്തിന്റെ പരിരക്ഷയ്ക്കായി പ്രവർത്തിക്കുന്നുണ്ട്.

13. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, അംഗനവാടി പ്രവർത്തകർ തുടങ്ങിയവരുടെ സഹായത്തോടെ ഗർഭാരംഭം മുതൽ പ്രസവംവരെയുള്ള വിവരങ്ങൾ പ്രാദേശികമായി ശേഖരിച്ച് സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

14. എല്ലാ ഗർഭിണികളെയും അതാത് ജൂനിയർ ഹെൽത്ത് നേഴ്സ് നേരിട്ട് നിരീക്ഷിക്കുകയും പ്രസവം/എം.ടി.പി ചെയ്യുന്നതുവരെയുള്ള വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്.

നിയമം വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് വിവിധ തലത്തിലുള്ള സമിതികളെല്ലാം യോഗം കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ജില്ലാതലത്തിൽ ഡിസ്ട്രിക്റ്റ് ലെവൽ അപ്രോപ്രിയേറ്റ് അതോറിറ്റിയും, ഡിസ്ട്രിക്റ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിയും പെൺഭ്രൂണഹത്യ തടയുന്നതിനും പി.എൻ.ഡി.റ്റി ആക്ട് നടപ്പിലാക്കുന്നതിനുമായി പുന:സംഘടിപ്പിക്കുകയും, അവയുടെ പ്രവർത്തനങ്ങളെ സംസ്ഥാന തലങ്ങളിൽ നിരീക്ഷിച്ച് തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

കൂടാതെ സ്ത്രീ ശാക്തീകരണം, സ്ത്രീ പുരുഷാനുപാതം, പെൺകുഞ്ഞുങ്ങളുടെ സംരക്ഷണം ഇവ ലക്ഷ്യമാക്കിയുള്ള ബോധന പരിപാടികളും, അമ്മമാർ, കോളേജ് വിദ്യാർത്ഥികൾ, മത നേതാക്കൾ, ജനിതക പരിശോധനാ കേന്ദ്രങ്ങളിലെ ടെക്നീഷ്യൻമാർ എന്നിവർക്കായി പ്രത്യേക ബോധവൽക്കരണ പരിപാടികളും പെൺഭ്രൂണ ഹത്യ തടയുന്നതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| ബി) ഈ നടപടികളുടെ ഫലമായി പെൺ ഭ്രൂണഹത്യ കാര്യമായി കുറഞ്ഞിട്ടുള്ളതായി കണ്ടിട്ടുണ്ടോ ; | (ബി), (സി) & (ഡി)<br>ബാധകമല്ല. |
| സി) സംസ്ഥാനത്ത് ഇത് സംബന്ധിച്ച കേസുകൾ എത്ര എണ്ണമാണ് നിലവിലുള്ളത് ; | |
| ഡി) കേസുകൾ ഏറ്റവും കൂടുതലുള്ളതും കുറവുള്ളതും ഏതെല്ലാം ജില്ലകളിലാണ് എന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 239 | 02..03..2009 ൽ മറുപടിക്ക് |
|---|---|

**മരുന്നുകളുടെ വില കുറയ്ക്കാനുള്ള നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ് | | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രമേഹരോഗികളുടെയും കാൻസർ രോഗികളുടെയും എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഈ രോഗികളുടെ എണ്ണം വളരെ വർദ്ധിക്കുന്നതിന്റെ കാരണം കണ്ടെത്താൻ എന്തെങ്കിലും ഗവേഷണങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനെ സംബന്ധിച്ച് പഠനം നടത്താൻ പ്രത്യേകമായി ഒരു ഗവേഷണസംഘത്തെ നിയമിക്കുമോ; | (ബി) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ രോഗികളുടെ എണ്ണം കേരളത്തിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രമേഹ ഔഷധങ്ങൾക്കും കാൻസറിന്റെ മരുന്നുകൾക്കും അമിതമായ വില കമ്പോളത്തിൽ ഈടാക്കുന്നതിനാൽ ഇവ വില കുറച്ച് ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ? | (സി) | പൊതു വിപണിയിലെ വിലയെക്കാൾ കുറഞ്ഞ വിലക്കാണ് മരുന്നുകൾ രോഗികൾക്ക് സർക്കാർ ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 240 | 02.03.2009 ൽ മറുപടിക്ക് |
|---|---|

### മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കി മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ജീവൻ രക്ഷാ മരുന്നുകളടക്കമുള്ള എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കാവശ്യമായ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ മാസത്തിൽ മൂന്നു പ്രാവശ്യം മരുന്നു വിതരണമെന്നതാണ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നയമെങ്കിലും ആവശ്യമായ സന്ദർഭങ്ങളിലെല്ലാം മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്.മെഡിക്കൽകോളേജുകളിലെ മരുന്നു വിതരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കാൻ ഒരോ മെഡിക്കൽ കോളേജ് പരിസരത്തും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വക ഗോഡൗണുകൾ ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്. അതിനുള്ള നടപടികളും നടന്നുവരുന്നു. |
| (ബി) | പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ എന്തെല്ലാം ന്യൂനതകളാണ് കണ്ടെത്തിയിട്ടുള്ളത്; ഇത് പരിഹരിക്കാൻ സർക്കാർ എന്തു നടപടികളാണ് ഉദ്ദേശിക്കുന്നത് ? | (സി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ഗുണമേന്മയുള്ള മരുന്നുകളും ചികിത്സാ സാമഗ്രികളും മിതമായ വിലയ്ക്ക് വാങ്ങി ആവശ്യാനുസരണം വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. 2008 ഏപ്രിൽ മാസം 1-ാം തീയതി മുതൽ പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചു. മരുന്നുകളുടെ ഇൻഡന്റ് തയ്യാറാക്കൽ, ടെൻഡറിംഗ്, പർച്ചേസ് ഓർഡർ നൽകൽ, സ്റ്റോക്ക് നിരീക്ഷണം, ക്വാളിറ്റി കൺട്രോൾ നിരീക്ഷണം, പേയ്മെന്റ് സമ്പ്രദായം , റീ-ഓർഡറിംഗ് തുടങ്ങിയവ സുതാര്യവും കാലതാമസമില്ലാതെയും ചെയ്യാൻ കഴിയുന്നു. 2008-2009 വർഷത്തേയ്ക്ക് 454 ഇനം മരുന്നുകൾ വാങ്ങുന്നതിന് ഇതിനകം ഉത്തരവ് നൽകി. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ നിന്നും 32 ഇനം മരുന്നുകളും വാങ്ങുന്നു.<br>രണ്ട് വർഷത്തിന് മുമ്പ് സി.പി.സി. നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലക്കാണ് 253 ഇനം മരുന്നുകൾ കോർപ്പറേഷൻ വാങ്ങുന്നത്.<br>എല്ലാ മരുന്നുകൾക്കും പൊതു കമ്പോളത്തിലെ വിലയേക്കാൾ 20 ശതമാനത്തിന് മേൽ കുറവ് ലഭിക്കുന്നുണ്ട്.<br>നിർമ്മാതാക്കൾ നൽകുന്ന മരുന്നുകളുടെ സാമ്പിൾ കമ്പ്യൂട്ടർ സഹായത്തോടെ കോർപ്പറേഷൻ തന്നെ ശേഖരിച്ച് അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഉറപ്പു വരുത്തുന്നു.<br>ജില്ലാ വെയർഹൗസുകളിൽ മരുന്നുകളുടെ ലഭ്യത കമ്പ്യൂട്ടർ സംവിധാനത്തിലൂടെ നിരീക്ഷിച്ച് സ്റ്റോക്ക് പൊസിഷൻ ഉറപ്പു വരുത്തുന്നതിലൂടെ വിതരണം സുഗമമാക്കാൻ സാധിക്കുന്നു.<br>ആവശ്യാനുസരണം മാത്രം മരുന്നുകൾ സംഭരിക്കുക വഴി സംഭരണത്തിലെ അനാവശ്യചെലവ് ഒഴിവാക്കാനും കാലപ്പഴക്കത്തിലൂടെ മരുന്നുകളുടെ ഗുണനിലവാരം കുറയുന്നത് ഇല്ലാതാക്കാനും സാധിക്കുന്നു. |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ ആരംഭത്തിൽ മരുന്നുകളുടെ കരുതൽ ശേഖരം സൂക്ഷിക്കാൻ കഴിയാതിരുന്നത് ചില മരുന്നുകളുടെ മുൻകൂർ ഗുണനിലവാര പരിശോധന അസാധ്യമാക്കിയിരുന്നു. കരുതൽ ശേഖരത്തിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിക്കുകയും പ്രസ്തുത മരുന്നുകൾ ലഭിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ മുൻകൂർ പരിശോധന നടന്നു വരുന്നു.<br>ആരോഗ്യ വകുപ്പിന്റെ ജില്ലാ മെഡിക്കൽ സ്റ്റോറുകളാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളായി മാറ്റിയിട്ടുള്ളത്. പ്രസ്തുത സംഭരണശാലകൾ ആധുനിക രീതിയിലുള്ളവയല്ല. പ്രസ്തുത ന്യൂനതയും പരിഹരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ